മാധ്യമം • ഞായർ • 28 മേയ് 2017 • ലക്കം 151

# വാരാദ്യ മാധ്യമം

varadyam@madhyamam.in



# അഗസ്ത്യന്റെ പൂമ്പാറ്റകൾക്ക് പഠിക്കണം...

അഗസ്ത്യാർകൂടം അണകാൽ ഊരിലെ കുഞ്ഞുങ്ങൾ

ഫോട്ടോ: അഹ്മദ് നഥാൻ

**കുഞ്ഞുങ്ങൾ വിദ്യാലയത്തിൽ പോയാൽ മലദൈവം കോപിക്കുമെന്ന് വിശ്വസിക്കുന്നവരുടെ കാട്, എഴുത്തും വായനയും അറിഞ്ഞാൽ അവരെ കാടിറക്കിവിടണമെന്ന് ശഠിക്കുന്ന ഊരുകൂട്ട നിയമം. സാക്ഷരകേരളത്തിന്റെ എല്ലാ പെരുമകളോടും കലഹം പ്രഖ്യാപിച്ച ഒരു ഗോത്രവിഭാഗത്തിലെ കുരുന്നുകളുടെ അക്ഷരമോഹങ്ങൾ ഈ അധ്യയനവർഷമെങ്കിലും പൂവണിയുമോ?**

നിസാർ പുതുവന

പൂമാലക്കും ഭഗവതിക്കും അരുവിക്കും രാമനും മാതക്കും പാർവതിക്കുമൊക്കെ ഈ ജൂണിൽ പള്ളിക്കൂടത്തിൽ പോകണമെന്ന് വല്ലാത്ത ആശയുണ്ട്. പുസ്തകസഞ്ചിയും പുത്തനുടുപ്പും വർണക്കുടയുമൊക്കെ അവരുടെ സ്വപ്നങ്ങളിലും ഇടക്ക് മിന്നിമറയാറുണ്ട്. എന്തുചെയ്യാം, ഊരിലെ നിയമങ്ങൾ ഒരു കൊളുത്തുവലപോലെ ചങ്ങലക്കിട്ട് വരിഞ്ഞുമുറുക്കിയിരിക്കുകയാണ് ഈ കുഞ്ഞുങ്ങളുടെ അക്ഷരമോഹങ്ങളെ. കിനാവു കാണാൻപോലും ഒരു ഭാഷയില്ലാതെ, കാടിന്റെ നടുവിൽ കുറച്ച് കുഞ്ഞുങ്ങൾ. പേരുപോലും പറയാനറിയാതെ, പരസ്പരം പല്ലിയെന്നും പാറ്റയെന്നും വിളിച്ച് നടക്കുന്നു. അക്ഷരം പഠിച്ചാൽ മഹാമാരിയും രോഗവും പിടിക്കുമെന്നും കുലം മുടിയുമെന്നും വിശ്വസിക്കുന്ന ഒരുകൂട്ടം മനുഷ്യരുടെ പുത്തൻതലമുറയാണ് രാമനും പാർവതിയുമൊക്കെ. പക്ഷേ, അവർക്ക് പഠിക്കണം. കാടിന്റെ പുറത്തുള്ള നാട് കാണണം. സാക്ഷരകേരളത്തെ ഞെട്ടിക്കുന്ന ആചാരക്കാഴ്ചകളാണ് തിരുവനന്തപുരം ജില്ലയിലെ അഗസ്ത്യാർകൂട മലനിരകൾക്കു കീഴിലുള്ള കുറ്റിച്ചൽ പഞ്ചായത്തിലെ ഊരുകളിലൊന്നായ അണകാൽ ഊരിൽ കാണാനാവുക. വൈദ്യുതി ലൈൻ വലിക്കാൻ സമ്മതിക്കാത്ത, റോഡ് പണിയിക്കാത്ത, അസുഖംകൊണ്ട് വലഞ്ഞാൽ ആശുപത്രിയിൽ കൊണ്ടുപോകാത്ത ചെറിയൊരു വിഭാഗം ആദിവാസിജനത താമസിക്കുന്നയിടം.

കേരളത്തിലെ ഏറ്റവും പ്രധാന മലകളിൽ ഒന്നാണ് അഗസ്ത്യാർകൂടം. ട്രക്കിങ് സീസണിൽ ആയിരങ്ങൾ മലകയറാനെത്തുന്ന തിരുവനന്തപുരം ജില്ലയിലെ കിഴക്കേ അതിർത്തിയിലുള്ള പ്രകൃതിയുടെ വന്മതിൽ. അഗസ്ത്യാർകൂടത്തിനു ചുറ്റുമുള്ള കുറ്റിച്ചൽ പഞ്ചായത്തിലെ ഈ സ്ഥലം അഗസ്ത്യന്റെ പൂങ്കാവനം എന്നാണ് അറിയപ്പെടുന്നത്. ആദിവാസി വിഭാഗത്തിൽപെട്ട കാണികളുടെ ഊരുകളാണ് അഗസ്ത്യന്റെ പൂങ്കാവനത്തിൽ ഉള്ളത്. തിരുവനന്തപുരത്തുനിന്ന് കോട്ടൂർവരെ സുഗമമായി യാത്രചെയ്യാം. അവിടന്നങ്ങോട്ട് ചെങ്കുത്തായ കയറ്റമാണ്. പത്തു കിലോമീറ്ററോളം കാട്ടിനുള്ളിലൂടെ നടന്നാൽ അണകാൽ ഊരിലെത്തും.

ശനിയാഴ്ച അതിരാവിലെ പൂജപ്പുരയിലെ ശിശുസംരക്ഷണ സമിതി ഓഫിസിൽനിന്ന് അവർ ഏർപ്പാടാക്കിയ വാഹനത്തിൽ കോട്ടൂരിലേക്ക് പുറപ്പെട്ടു. പൊടിയം കമ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ക്യാമ്പാണ് ലക്ഷ്യം. കോട്ടൂരിൽ എത്തിയപ്പോൾ ക്യാമ്പ് കോഓഡിനേറ്റർ ശ്രീനേഷ് ജീപ്പുമായി കാത്തുനിൽക്കുന്നു. ആന്റി പൈറസി സെൽ എസ്.പി. പ്രശാന്തൻ കാണിയും ഞങ്ങൾക്കൊപ്പം ജീപ്പിൽ കൂടി. റോഡില്ലാത്ത കാട്ടിടവഴിയിലൂടെ ഞങ്ങളെയും കൊണ്ട് ശ്രീനേഷ് ചരിഞ്ഞുമറിഞ്ഞ് ഉൾക്കാട്ടിലേക്ക്. രാവിലെ 11ന് പൊട്ടിയത്തെത്തി. ക്യാമ്പിലെത്തിയപ്പോഴാണ് അണകാൽ ഊരിലെ ഒരു കുട്ടിപോലും അവിടെ എത്തിയിട്ടില്ലെന്നറിയുന്നത്. അവരെ തേടി വീണ്ടും ഉൾക്കാട്ടിലേക്ക്. കോട്ടൂർ ചന്തയിൽ വനത്തിൽനിന്ന് ശേഖരിച്ച തേനും സാമഗ്രികളും വിൽക്കാൻ പോയി മടങ്ങിയ ആദിവാസികൾ വഴികാട്ടി. ആനയും കാട്ടുപോത്തും പന്നിയും പകൽപോലും വിഹരിക്കുന്ന കാട്ടിൽ ഭയന്നുവിറച്ച്, നടുക്കാട്ടിലൂടെ, ഇരുട്ടുപടർന്ന കാട്ടിടവഴികളിലൂടെ കിലോമീറ്ററുകളോളം ഞങ്ങൾ നടന്നു. മാമലക്കും കാട്ടിനും ഒടുക്കം ഞങ്ങൾ അണകാൽ ഊരിലെത്തി. കാടിനെ കാടായി കാണുന്നവരുടെ ഊര്... കുറ്റിച്ചൽ പഞ്ചായത്തിൽ ആകെ 27 ആദിവാസി ഊരുകളുണ്ട്. കാണി വിഭാഗമാണ് ഇവിടെയെല്ലാം വസിക്കുന്നത്. കേരളത്തിലെ 37 ആദിവാസി വിഭാഗങ്ങളിൽ സാമാന്യം മികച്ച ജീവിതനിലവാരം പുലർത്തുന്നവരാണ് കാണികൾ. പാസ്പോർട്ട് ഓഫിസർ മുതൽ പൊലീസ് കമീഷണർ വരെ അവരുടെ ഇടയിൽ നിന്നുണ്ടായി. എന്നാൽ അണകാൽ ഊരിലെ സ്ഥിതി ഇങ്ങനെയല്ല. തങ്ങളുടെ മക്കൾക്ക് അക്ഷരവെളിച്ചം വേണ്ടെന്ന് ഇവിടെയുള്ളവർ ശഠിക്കുന്നു.

## മലദൈവം കോപിക്കും!

"ഓൻ പണ്ട് കുറച്ചു പഠിക്കാനായി പുറത്തുപോയതാ... അന്ന് തുടങ്ങിയതാ ഈ ഊര് മുടിയാൻ. ഓനും വല്ലാണ്ടായി, ഞങ്ങക്കും സൂക്കേടായി. ഈ ഊര് അങ്ങേരുടേതാ (അഗസ്ത്യമുനി). അങ്ങേര് ഞങ്ങടെ പൂർവീകരെ വിശോദിച്ച് ഏപ്പിച്ചതാ. അത് ഇതുപോലെതന്നെ ഞങ്ങക്ക് കാക്കണം. അയിന് മക്കള് പഠിച്ചാ കോട്ടണ്ടാകും."

അനന്തശായിയായ ശ്രീപദ്മനാഭന്റെ ചിത്രം കാണിച്ച് മാത്തൻകാണി പറഞ്ഞു. കുടിലിന്റെ പിറകിൽ തയാറാക്കിയ ഒരു കുഞ്ഞുകുടിലിൽ മാത്തന്റെ മകൾ മാത തിരണ്ടുകാരിയായി പുറംലോകം കാണാതെ ഇരിപ്പുണ്ട്. ഇനി ഏഴു ദിവസം കഴിയണം ആ പെൺകുട്ടി കാട് കാണണമെങ്കിൽ. ഇത്തരം ആചാരങ്ങൾ പിന്തുടരുന്ന, നമ്മുടെ വിളിപ്പാടകലെ ഇങ്ങനെയൊരു സമൂഹം ജീവിക്കുന്നുണ്ട് എന്ന തിരിച്ചറിവ് അമ്പരപ്പിക്കുന്നതാണ്. കുഞ്ഞുങ്ങൾ വിദ്യാലയത്തിൽ പോയാൽ മലദൈവം കോപിക്കുമെന്ന് വിശ്വസിക്കുന്നവരുടെ കാട്. എഴുത്തും വായനയും അറിഞ്ഞാൽ അവരെ കാടിറക്കിവിടണമെന്ന് ശഠിക്കുന്ന ഊരുകൂട്ടനിയമം നിലനിൽക്കുന്ന കാട്.

ഊരിലെ ചെല്ലമ്പികാണിയുടെ മകനാണ് രാമൻ. എന്നോ ഒരിക്കൽ പുറംലോകത്തെത്തിയ ചെല്ലമ്പി തന്റെ മക്കളെ സ്കൂളിൽ അയച്ച് പഠിപ്പിക്കണം എന്നാഗ്രഹിച്ചു. തുടർന്ന് രാമനെ സ്കൂളിലയച്ചു. അധ്യാപകർ അവന് ഒരു പേരുമിട്ടു; ഗോകുൽ. രാമൻ ഇന്ന് പത്താം ക്ലാസ് വിദ്യാർഥിയാണ്. അണകാലിൽനിന്ന് ആദ്യം പുറംലോകത്തെത്തി സ്കൂൾ വിദ്യാഭ്യാസം നേടിയ കുട്ടി. അഭിമാനിക്കാനേറെയുണ്ട് രാമനിൽ. പക്ഷേ, അവസ്ഥ മറിച്ചാണ്. ഊരിന്റെ നിയമങ്ങൾ തെറ്റിച്ച കുറ്റക്കാരനാണ് കാണികൾക്ക് രാമൻ. അതിനാൽതന്നെ രാമന് ഊരിലേക്ക് പോകാൻ പേടിയാണ്. ചെല്ലമ്പി അതുകൊണ്ടും അടങ്ങിയില്ല, രണ്ടാമത്തെ മകൻ ആദിച്ചനെയും സ്കൂളിൽ വിട്ടു. ഇളയമകൻ സൂര്യയെയും സ്കൂളിൽ വിടുമെന്ന് ചെല്ലമ്പി പറയുന്നു. അപ്പോഴും ഇവരോട് വിദ്വേഷം വെച്ചുപുലർത്തുന്ന മറുവിഭാഗം ഉയിർത്തെഴുന്നേൽക്കും.

ഊരിലെ മൂപ്പൻ മൂട്ട്കാണി എന്നാണ് അറിയപ്പെടുന്നത്. ആദിച്ചൻകാണിയാണ് നിലവിലെ മൂട്ട്കാണി. അഗസ്ത്യമുനി കോപിക്കുന്ന ഒരു പരിപാടിക്കും ഞങ്ങളെ കിട്ടില്ലെന്ന് ആദിച്ചൻകാണി ആണയിടുന്നു. ജില്ല ശിശുസംരക്ഷണ വിഭാഗം ഇവിടെ നിരന്തരം കയറിയിറങ്ങി ബോധവത്കരണം നടത്തിയിട്ടും മക്കളെ സ്കൂളിൽ അയക്കാൻ ഇവർ തയാറാകുന്നില്ല. ജനനസർട്ടിഫിക്കറ്റ് അടക്കം രേഖകളും ഇവർക്കില്ല. കുട്ടികളുടെ ജനന തീയതി കണക്കാക്കാൻപോലും കഴിയാത്ത അവസ്ഥ. ഈറ കെട്ടിയ ഒറ്റമുറിക്കുടിലുകളിൽ കാട്ടുമൃഗങ്ങളോടും മറ്റും മല്ലിട്ട് കഴിയുകയാണ് ഇവർ. നാട്ടിൽനിന്ന് അവർക്കിടയിലേക്ക് ആരെങ്കിലും ചെന്നാൽത്തന്നെ പേടിയാണവർക്ക്. തങ്ങളുടെ സ്വത്വം കവർന്നെടുക്കാൻ വന്ന ശത്രുക്കളെന്നാണ് നാട്ടിലുള്ളവരെ അവർ പരിചയപ്പെടുത്തുകതന്നെ. ഈ കഴിഞ്ഞദിവസമുണ്ടായ സംഭവംതന്നെ ഞെട്ടിക്കുന്നതാണ്. സമ്പൂർണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പോസ്റ്റ് സ്ഥാപിക്കാൻ വന്നതായിരുന്നു കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ. അണകാലിൽ എത്തിയ ഇവരെ അവിടത്തുകാർ തടഞ്ഞു ബന്ദിയാക്കി. വൈദ്യുതി വലിച്ചാൽ വൻ പ്രശ്നമുണ്ടാകും എന്ന ഇവരുടെ മുന്നറിയിപ്പിനു മുന്നിൽ പകച്ചുനിൽക്കുകയാണ് സർക്കാർ പോലും. കൊണ്ടുവന്ന പോസ്റ്റുകൾ വഴിനീളെ കിടക്കുന്നു. പുറത്തുനിന്ന് ആരെയെങ്കിലും കണ്ടാൽ അമ്പുപോലെയുള്ള കൂർത്ത ആയുധം ശരിയാക്കി അവർ തയാറായിരിക്കും, യുദ്ധത്തിനൊരുങ്ങുന്ന യോദ്ധാവിനെപ്പോലെ. മൂന്നു വർഷത്തിൽ കൂടുതൽ ഒരു വീട്ടിൽ താമസിക്കുന്നതുപോലും ആചാരങ്ങൾക്ക് വിരുദ്ധമാണെന്നാണ് ഇവരുടെ വിശ്വാസം. കുടുതി എന്ന ആചാരദിനങ്ങളിൽ മലദൈവത്തിന്റെ പ്രതീകം പറയുന്ന കാര്യങ്ങൾ അനുസരിക്കുക നിർബന്ധം. പഠനം പാടില്ല എന്നത് അങ്ങനെ മലദൈവം തുള്ളി ഇവരെ അറിയിച്ച സംഗതിയാണ്. കുടുതി എന്ന ആചാരത്തിന് കോഴിയെയാണ് കുരുതികൊടുക്കുക. ഒരു പ്രമുഖപത്രത്തിൽ ഇവിടെ ആചാരങ്ങളുടെ പേരിൽ മനുഷ്യക്കുരുതി നടക്കുന്നു എന്ന വാർത്ത അടുത്തിടെ വന്ന കാര്യം അറിഞ്ഞതായി ആദിച്ചൻകാണി പരിഭവിച്ചു.

"മക്കളെ പള്ളിക്കൂടത്തിൽ വിടുന്നില്ലെന്നേയുള്ളൂ, ഞങ്ങൾക്കും മക്കൾ ജീവനാ".

ഏതുവിധേനയും ഇവരെ അക്ഷരപരിചയം ഉള്ളവരാക്കുക എന്ന ലക്ഷ്യത്തിൽ സർക്കാർ ഇവിടെ ഒരു ഏകാധ്യാപക വിദ്യാലയം തുടങ്ങിയെങ്കിലും നിസ്സഹകരണം കാരണം പരാജയപ്പെട്ടു. അണകാലിൽ കണ്ട ഒമ്പതു കുട്ടികളിൽ ഒരാൾപോലും വിദ്യാലയത്തിന്റെ പടിവാതിൽ കണ്ടിട്ടില്ല. പോഷകക്കുറവും വിളർച്ചയും അംഗവൈകല്യവുമുള്ള കുട്ടികൾ. ചെറിയ വൈകല്യങ്ങൾ പോലും വളർച്ചക്കിടയിൽ കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്ന അവസ്ഥ. ചികിത്സിച്ചാൽ മാരകമായ മറ്റ് അസുഖങ്ങൾ വരുമെന്നാണ് ഇവരുടെ വിശ്വാസം. സുരേഷ്-ചന്ദ്രിക ദമ്പതികളുടെ മകനാണ് പത്തു വയസ്സുകാരൻ അയ്യപ്പൻ. മുഖം മുഴുവൻ പട്ടികടിച്ച വടുക്കളുള്ള പയ്യൻ. അവന് പഠിക്കാൻ ആഗ്രഹമുണ്ട്. കാണിയുടെയും കുഞ്ചയ്യിയുടെയും മക്കളായ മാത്തനും രാമനും ഒക്കെ പള്ളിക്കൂടം കാണാൻ മോഹമുണ്ട്. എന്നാൽ, ഊരുകൂട്ടം ഇവരുടെ അക്ഷരമോഹങ്ങളുടെ കടക്കലാണ് ആചാരങ്ങളുടെ മഴു തറച്ചുകയറ്റുന്നത്. മാത്തനും രാമനും വൈകല്യമുള്ളവരാണ്. കാട്ടുമൃഗങ്ങളുടെ ശല്യത്തിൽനിന്ന് രക്ഷനേടാനിട്ട തീയിൽപെട്ട് രാമന്റെ ഒരു കൈമുട്ട് വരെയും ഒരു കാൽപാദവും വെന്തറ്റു. മതിയായ ചികിത്സ കിട്ടാതെ വൈകല്യം രൂക്ഷമായി. ജന്മനാ രണ്ടു കാലും അരക്കുതാഴോട്ട് തളർന്നിട്ടാണ് മാത്തൻ. എല്ലാ വൈകല്യങ്ങളും മികച്ച ചികിത്സ കിട്ടിയാൽ പരിഹരിക്കാവുന്നവ.

## പ്രതീക്ഷ നൽകുന്ന ഇടപെടലുകൾ

കുട്ടികളെ സ്കൂളിലെത്തിക്കാൻ ശിശുസംരക്ഷണ സമിതി തങ്ങളാലാവും വിധം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി 'അഗസ്ത്യന്റെ പൂമ്പാറ്റകൾ' എന്ന പേരിൽ ഊരിലെ കുട്ടികൾക്കായി മേയ് 16 മുതൽ പഠന ക്യാമ്പ് സംഘടിപ്പിച്ചു. ജില്ല ശിശുസംരക്ഷണ യൂനിറ്റാണ് (സാമൂഹിക നീതി വകുപ്പ്) കൂട്ടായ്മ സംഘടിപ്പിക്കുന്നതെങ്കിലും പഞ്ചായത്തും പട്ടികവർഗ വകുപ്പും വനംവകുപ്പും നിസ്സീമമായ സഹകരണമാണ് പരിപാടിക്ക് നൽകിയത്. ഒരു കൂട്ടം സന്നദ്ധ പ്രവർത്തകരാണ് ഈ പ്രവർത്തനത്തിന്റെ ആവേശം. തീരെ സ്കൂളിലെത്താത്ത കുട്ടികളെ സ്കൂളിലെത്തിക്കുകയും കൊഴിഞ്ഞുപോയ കുട്ടികളെ തിരികെയെത്തിക്കുകയും കൊഴിഞ്ഞുപോക്ക് തടയുകയുമാണ് ക്യാമ്പിന്റെ ലക്ഷ്യം. ഓരോ ഊരിലും എത്തി രക്ഷിതാക്കളെ കാണുന്നുണ്ട്. എത്തിപ്പെടാൻ സർക്കാർ സഹായിക്കാമെങ്കിൽ തുടർ ഇടപെടൽ സാധ്യമാക്കാമെന്ന് സാമൂഹിക പ്രവർത്തകർ ഉറപ്പുനൽകിയിട്ടുണ്ട്. ഇതിനായി യുവജന ക്ലബ് രൂപവത്കരിക്കാനും ശ്രമംനടക്കുന്നു.

അഗസ്ത്യന്റെ പൂമ്പാറ്റകൾ രണ്ടാം ബാച്ചും വിജയകരമായിരുന്നു. അണകാലിൽനിന്നുള്ള അയ്യപ്പനും രതീഷും രമേശും പാർവതിയും ഉൾപ്പെടെ, വിവിധ ഊരുകളിൽനിന്നായി 67 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ആദ്യ ബാച്ചിലെ കുട്ടികൾ പറഞ്ഞറിഞ്ഞ അനുഭവങ്ങൾ വെച്ച് എല്ലാ കുട്ടികളും ക്യാമ്പിലേക്ക് തുരുതുരാ എത്തി.

പാറ്റാംപാറ, വ്ലാവിള, മുക്കോത്തിവയൽ, ആമോട് ഊരുകളിൽ രക്ഷിതാക്കളുമായി സംവദിച്ചു. ആവേശകരമായ പ്രതികരണമാണ്. അധ്യയന വർഷാദ്യം തന്നെ കുട്ടികളെ സ്കൂളിൽ എത്തിക്കുന്ന 'ഗോത്രസാരഥി' വാഹനങ്ങൾ ലഭ്യമാക്കിയാൽ പദ്ധതി വിജയകരമാകും. ഈ അധ്യയന വർഷമെങ്കിലും ഇവരെ നാട്ടിലെ മറ്റു കുട്ടികൾക്കൊപ്പം അക്ഷരങ്ങളുടെയും കഥകളുടെയും മായികലോകത്ത് എത്തിക്കാനാകും എന്നാണ് ശിശുസംരക്ഷണ യൂനിറ്റ് തലവൻ സുബൈർ അരിക്കുളത്തിന്റെയും ക്യാമ്പ് നയിച്ച ശ്രീനേഷിന്റെയും ഒക്കെ വിശ്വാസം. ആ കുരുന്നുകൾക്ക് ഈ അധ്യയനവർഷമെങ്കിലും അക്ഷരങ്ങളെ കൂട്ടിനു കിട്ടട്ടെയെന്ന് നമുക്കും പ്രാർഥിക്കാം. ●

അഗസ്ത്യന്റെ പൂമ്പാറ്റകൾ ക്യാമ്പിൽനിന്ന്




**അതിജീവനത്തിന്റെ കാൻവാസ്** 02
ട്രാൻസ്ജെൻഡർ ആർട്ടിസ്റ്റുകളെ പങ്കെടുപ്പിച്ച് നടത്തിയ ചിത്രകലാ ക്യാമ്പിന്റെ വർത്തമാനങ്ങൾ
മുഖ്താർ ഉദരംപൊയിൽ

**സ്വപ്നപ്പൂന്തോപ്പ്** 04
തന്റെ കൃഷി സ്വപ്നങ്ങളുമായി ഈ പ്രവാസി യുവാവ് സഞ്ചരിച്ചത് 15 ഓളം രാജ്യങ്ങൾ
ഭരതന്നൂർ ഷമീർ





ട്രാൻസ്ജെൻഡർ ആർട്ടിസ്റ്റുകൾക്കായി നടന്ന ചിത്രകല ക്യാമ്പിൽനിന്ന്

ചിത്രകല

ട്രാൻസ്ജെൻഡർ ആർട്ടിസ്റ്റുകളെ പങ്കെടുപ്പിച്ച് നടത്തിയ ചിത്രകല ക്യാമ്പിൻെറ വർത്തമാനങ്ങൾ

# അതിജീവനത്തിൻെറ കാൻവാസ്

മുഖ്താർ ഉദരംപൊയിൽ

കടുത്തനിറങ്ങളിൽ വേദനകളെയും സ്വപ്നങ്ങളെയും കാൻവാസിലേക്ക് പകർത്തുമ്പോൾ അവരുടെ ഉള്ളിൽ പൂക്കുന്ന പ്രതീക്ഷകളായിരുന്നു ഏറ്റവും മികച്ച കലാസൃഷ്ടി. വിവേചനത്തിനെതിരെ സർഗാത്മകമായ പ്രതിരോധത്തിലേർപ്പെടുകയായിരുന്നു മേയ് 12,13 തീയതികളിൽ മലപ്പുറം പാണ്ടിക്കാട് നടന്ന ചിത്രകല ക്യാമ്പിലൂടെ. സൗന്ദര്യ, ഹരി, പ്രേമ, വിനീത, രംഭ, രമേശ്, വിനോദൻ, രേവതി, നൈന, കല തുടങ്ങി തമിഴ്നാട്ടിലെയും കേരളത്തിലെയും 15 ട്രാൻസ്ജെൻഡർ ആർട്ടിസ്റ്റുകളാണ് ക്യാമ്പിൽ പങ്കെടുത്തത്. ചിത്രകാരന്മാരുടെ കൂട്ടായ്മയായ വരക്കൂട്ടമാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

ഉള്ളിലുള്ള വികാരങ്ങളെയും വിചാരങ്ങളെയും സർഗാത്മകമായി പ്രകടിപ്പിക്കാനും ശാരീരികവും മാനസികവുമായ പ്രശ്നങ്ങളെ ആത്മവിശ്വാസത്തോടെ മറികടക്കാനും ഇവർ നേടിയ പരിശീലനം മറ്റു ട്രാൻസ്ജെൻഡറുകൾക്ക് കൂടി മാതൃകയാണ്. ശാസ്ത്രീയമായി ചിത്രകല പഠിക്കാത്തവർ മുതൽ വിവിധ സ്ഥാപനങ്ങളിൽ ചിത്രകല പരിശീലകരായവർ വരെ കലാസംഘത്തിലുണ്ടായിരുന്നു. കോയമ്പത്തൂർ, ചെന്നൈ, കാഞ്ചിപുരം അടക്കം നിരവധിയിടങ്ങളിൽ ഇതിനകംതന്നെ ഈ സംഘാംഗങ്ങളുടെ ചിത്രപ്രദർശനങ്ങൾ നടന്നിട്ടുണ്ട്. നിറങ്ങളുടെ തെരഞ്ഞെടുപ്പിലും അവയുടെ പ്രയോഗത്തിലും അവരുടെ കാഴ്ചയിലും കാഴ്ചപ്പാടിലുമുള്ള വ്യതിരിക്തത തെളിഞ്ഞുകാണാം. ചിത്രങ്ങളിൽ ഉപയോഗിക്കുന്ന ബിംബങ്ങളും പ്രതീകങ്ങളും തീക്ഷ്ണവും തീവ്രവുമായ ജീവിതാനുഭവങ്ങളുടെ കൂടി പ്രതിഫലനമാണ്.

മൂന്നാം കണ്ണിൻെറ ആത്മീയവും തീവ്രവുമായ സൗന്ദര്യം വരച്ചുകൊണ്ട് പ്രശസ്ത ട്രാൻസ്ജെൻഡർ ആക്ടിവിസ്റ്റും ചിത്രകാരിയും എഴുത്തുകാരിയും നടിയുമായ കൽക്കി സുബ്രഹ്മണ്യമാണ് ക്യാമ്പിന് തുടക്കംകുറിച്ചത്. കൽക്കിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ അവരുടെ ബൗദ്ധിക നിലവാരത്തെയാണ് ഉയർത്തിയിരിക്കുന്നത്.

തങ്ങളുടെ ജീവിതത്തെ അടയാളപ്പെടുത്താൻ മൂന്ന് കണ്ണുകൾ മതിയെന്നും മൂന്നാം കണ്ണിൻെറ പ്രസക്തിയും ശക്തിയുമാണ് ഏറ്റവും വലുതെന്നും തിരിച്ചറിയുമ്പോൾകൂടിയാണ് ആ ചിത്രത്തിൻെറ അർഥവ്യാപ്തി മനസ്സിലാവുക.

നിർബന്ധിത സാഹചര്യങ്ങളിൽ ഉപേക്ഷിക്കേണ്ടിവന്ന ഇന്നലെകളെക്കുറിച്ചുള്ള ഓർമകളും ഉള്ളിൽ പടർന്നുകിടക്കുന്ന വേദനയുടെയും സങ്കടത്തിൻെറയും മായ്ച്ചാലും മായാത്ത മുറിവടയാളങ്ങളും ആഹ്ലാദത്തിൻെറയും ഉന്മാദത്തിൻെറയും പുതിയ പ്രതീക്ഷകളുമാണ് ഇവരുടെ ചിത്രങ്ങളിൽ നിറയെ. ഓരോ ചിത്രങ്ങളും അവരുടെ ജീവിതം തന്നെയാണ് പറയാൻ ശ്രമിക്കുന്നത്. പുറത്തുനിന്നു നോക്കുമ്പോൾ അശ്ലീലമെന്ന് തോന്നാവുന്ന ജീവിത സാഹചര്യങ്ങളുടെ ആത്മീയ സംഘർഷങ്ങളെ കൂടി പങ്കുവെക്കുകയായിരുന്നു അവർ.

30ഓളം വരക്കൂട്ടം അംഗങ്ങൾക്കൊപ്പമാണ് 'സഹോദരി ഫൗണ്ടേഷൻ' കലാസംഘാംഗങ്ങൾ ക്യാമ്പിൽ ചിത്രങ്ങൾ വരച്ചത്. ഒന്നിച്ചിരിക്കാനും ഒന്നിച്ചുണ്ണാനും ആശയങ്ങളും ആശങ്കകളും പങ്കുവെക്കാനും അതിലൂടെ അടുത്തറിയാനും അടുത്തിരിക്കാനും നിമിത്തമാവുകയായിരുന്നു ക്യാമ്പ്. ട്രാൻസ്ജെൻഡറുകളുടെ ക്ഷേമത്തിനായി തമിഴ്നാട് കേന്ദ്രമായി പ്രവർത്തിക്കുന്ന കൂട്ടായ്മയാണ് സഹോദരി ഫൗണ്ടേഷൻ. ട്രാൻസ്ജെൻഡറുകളുടെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളാണ് സഹോദരി ഫൗണ്ടേഷൻ സെൻെറർ ഫോർ എജുക്കേഷൻ, ആർട്ട് ആൻഡ് മീഡിയ നടത്തുന്നത്. ട്രാൻസ്ജെൻഡറുകൾ നേരിടുന്ന അവഗണനക്കും അരികുവത്കരണത്തിനുമെതിരെ നടത്തുന്ന സർഗാത്മക ഇടപെടലുകളാണ് ഈ കൂട്ടായ്മയെ വ്യത്യസ്തമാക്കുന്നത്.

പ്രശസ്ത ട്രാൻസ്ജെൻഡർ ആക്ടിവിസ്റ്റും ചിത്രകാരിയും എഴുത്തുകാരിയും നടിയുമായ കൽക്കി സുബ്രഹ്മണ്യമാണ് ഫൗണ്ടേഷൻ രൂപവത്കരിച്ചത്. ജേണലിസത്തിലും ഇൻെറർനാഷനൽ റിലേഷൻസിലും മാസ്റ്റർ ഡിഗ്രികളുള്ള കൽക്കി ട്രാൻസ്ജെൻഡറുകളുടെ പ്രശ്നങ്ങളെ ക്രിയാത്മകമായാണ് സമീപിക്കുന്നത്. തൻെറ ജീവിതം തന്നെയാണ് അവർ ട്രാൻസ്ജെൻഡറുകളുടെ ജീവിതവിജയത്തിനുള്ള മാതൃകയായി കാണുന്നത്.

ട്രാൻസ്ജെൻഡർ ജീവിതത്തെ തീക്ഷ്ണമായി അവതരിപ്പിക്കുന്ന കൽക്കിയുടെ പെയിൻറിങ്ങുകൾ അന്താരാഷ്ട്ര ശ്രദ്ധ നേടിയവയാണ്. സോളോ പ്രദർശനം നടത്തിയ ആദ്യ ട്രാൻസ്ജെൻഡർ ആർട്ടിസ്റ്റുകൂടിയാണ് കൽക്കി. ബിനാലെയിലും കൽക്കിയുടെ കലാസാന്നിധ്യമുണ്ടായിരുന്നു. അമേരിക്കയിലെ ഹാർവഡ് യൂനിവേഴ്സിറ്റിയിൽ നടത്തിയ പ്രഭാഷണം ശ്രദ്ധേയമായിരുന്നു. ന്യൂയോർക്കിൽ നടന്ന മനുഷ്യാവകാശ സംഗമത്തിൽ കൽക്കി അതിഥിയായിരുന്നു. ഇന്ത്യക്കകത്തും പുറത്തും നടക്കുന്ന വിവിധ മനുഷ്യാവകാശ ഇടപെടലുകളിൽ പങ്കാളിയാവുന്ന കൽക്കി നിരവധി അംഗീകാരങ്ങളും ഇതിനകം നേടിയിട്ടുണ്ട്.

ട്രാൻസ്ജെൻഡറുകളുടെ ജീവിതനിലവാരം ഉയർത്താൻ കൽക്കിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ അവരുടെ മാനസികാവസ്ഥയെ കൂടി പരിഗണിച്ചുള്ളതാണ്. കഴിവും അറിവും ഉപയോഗപ്പെടുത്തിയുള്ള പുനരധിവാസ- ഉപജീവന മാർഗങ്ങളെക്കുറിച്ചാണ് 'സഹോദരി' ആലോചിക്കുന്നത്. അന്തസ്സുള്ള ജീവിതമാണ് ട്രാൻസ്ജെൻഡറുകൾക്ക് ആവശ്യമെന്ന തിരിച്ചറിവിൽ, അവരുടെ ജീവിതം വരച്ചെടുക്കുകയാണ് അവർ.

കലയിലൂടെ വിവേചനങ്ങളെ മറികടക്കാനുള്ള ശ്രമമാണ് ഈ കൂട്ടായ്മയുടെ ശ്രദ്ധേയമായ ഒരു പ്രവർത്തനപദ്ധതി. 10,000 ട്രാൻസ്ജെൻഡർ ആർട്ടിസ്റ്റുകൾ ഒരുക്കുന്ന 10,000 ചിത്രങ്ങൾ എന്ന ട്രാൻസ് ഹാർട്ട് പ്രോജക്ട് അതിൻെറ ഭാഗമാണ്. ഇത്തരം ക്രിയാത്മക ഇടപെടലുകൾ സമൂഹത്തിൽ തങ്ങളെക്കുറിച്ച കാഴ്ചപ്പാടുകളിൽ മാറ്റമുണ്ടാക്കുമെന്നും അതിലൂടെ തങ്ങൾക്ക് അന്തസ്സുള്ള ജീവിതം സാധ്യമാവുമെന്നും അവർ ഉറച്ചുവിശ്വസിക്കുന്നു. ആ പ്രതീക്ഷ അർഥവത്തായിത്തീരുമെന്നുതന്നെയാണ് കൽക്കിയെയും കൂട്ടുകാരികളെയും പരിചയപ്പെടുന്നവർക്കുമുള്ളത്. ലളിതവും മാന്യവുമായ വസ്ത്രധാരണവും വ്യക്തിത്വം പ്രകടമാവുന്ന ഇടപെടലുകളും തുറന്നുപറച്ചിലുകളും ട്രാൻസ്ജെൻഡറുകളെക്കുറിച്ച ആണധികാര സാമൂഹിക കാഴ്ചപ്പാടുകളെ മാറ്റിമറിക്കാതിരിക്കില്ല. ●

ചലച്ചിത്രമേള




# കാഴ്ചകളുടെ യുവവസന്തം

യൂത്ത് സ്പ്രിങ് ഫിലിം ഫെസ്റ്റിവലിൽനിന്ന്

കോഴിക്കോട് നടന്ന അഞ്ചാമത് യൂത്ത് സ്പ്രിങ് ഫിലിം ഫെസ്റ്റിവലിലെ കാഴ്ചകൾ

യാസർ ഖുത്തുബ്

പ്രതിരോധത്തിൻെറ കാഴ്ചകൾ തീർക്കുന്ന ഒരുപിടി സിനിമകൾ, സംഗീത ആൽബങ്ങൾ, സൂക്ഷ്മമായ രാഷ്ട്രീയം പറയുന്ന സിനിമ-ഡോക്യുമെൻററികൾ, വ്യാജ രാജ്യസ്നേഹവും പശുവും അമേരിക്കയും ട്രംപും പരിസ്ഥിതിയും എല്ലാം വിഷയമായ സായാഹ്നങ്ങൾ... മേയ് 16 മുതൽ 19 വരെ കോഴിക്കോട് ടൗൺ ഹാളിൽ നടന്ന അഞ്ചാമത് യൂത്ത് സ്പ്രിങ് ഫിലിം ഫെസ്റ്റിവലിലെ കാഴ്ചകൾ ഇങ്ങനെയായിരുന്നു.

മലബാറിൻെറ കലാ സാംസ്കാരിക തലസ്ഥാനം എന്ന നിലക്ക് കലാരംഗത്ത് കോഴിക്കോട് എന്നും തനതായ അടയാളപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. ഇതിലേക്കൊരു കൂട്ടിച്ചേർക്കലാണ് കോഴിക്കോട്ട് എല്ലാ വർഷവും നടന്നുവരുന്ന യൂത്ത് സ്പ്രിങ് ഫിലിം ഫെസ്റ്റിവൽ. വർധിച്ച പങ്കാളിത്തവും അജണ്ടകളുടെ വൈവിധ്യവുമാണ് ഈ ഫിലിം ഫെസ്റ്റിനെ വ്യതിരിക്തമാക്കുന്നത്. മുഖ്യധാര പലപ്പോഴും തമസ്കരിക്കുന്ന അവതരണങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകുക വഴി, പരിസ്ഥിതി, ആദിവാസി, ദലിത്, ന്യൂനപക്ഷ ആക്ടിവിസ്റ്റുകളുടെ നേതൃത്വത്തിൽ രാജ്യത്ത് ഉയർന്നുവരുന്ന നവ ജനാധിപത്യ പോരാട്ടങ്ങളുടെ ഒരു നേർക്കാഴ്ച ഉൽപാദിപ്പിക്കുക കൂടിയായിരുന്നു ഈ സാംസ്കാരികോത്സവം. പ്രമുഖ തമിഴ് സംവിധായകൻ ആർ.പി. അമുദനായിരുന്നു ഫെസ്റ്റിവൽ ഡയറക്ടർ.

ഡൽഹി, മുംബൈ, ഹൈദരാബാദ്, ചെന്നൈ, ബംഗളൂരു തുടങ്ങിയ നഗരങ്ങളിലെ സർവകലാശാല വിദ്യാർഥികൾ, ആക്ടിവിസ്റ്റുകൾ, ഫിലിം ഡോക്യുമെൻററി സംഘങ്ങൾ എന്നിവർ മേളയിൽ സജീവമായി പങ്കെടുക്കുകയും അവരുടെ സൃഷ്ടികൾ പ്രദർശിപ്പിക്കുകയും ചെയ്തു. മുൻ വർഷങ്ങളിൽനിന്ന് വ്യത്യസ്തമായി, സിനിമകളുടെയും സ്ക്രീനുകളുടെയും എണ്ണം കുറച്ചിരുന്നുവെങ്കിലും സംവാദങ്ങൾക്കും ഡോക്യുമെൻററികളുടെ പ്രീമിയർ റിലീസിങ് ഷോകൾക്കും കൂടുതൽ സമയം അനുവദിച്ചിരുന്നു.

പ്രീമിയർ റിലീസിങ് ഷോകളിൽ ഹാശിർ കെ. മുഹമ്മദിൻെറ 'A Documentary about disappearance' എന്ന ഡോക്യുഫിക്ഷനാണ് പ്രേക്ഷകരുടെ സജീവ ഇടപെടലുകളും പ്രശംസയും പിടിച്ചുപറ്റിയ ഒരു പ്രദർശനം. കെട്ടിച്ചമക്കപ്പെടുന്ന കേസുകളുടെ പേരിൽ ആളുകളെ തട്ടിക്കൊണ്ടു പോകുന്നതും വേട്ടയാടുന്നതും സമൂഹത്തിലും കുടുംബത്തിലും ഉണ്ടാക്കുന്ന ആഘാതങ്ങളുമാണ് പ്രമേയം. ഹുദൈഫ റഹ്മാൻ സംവിധാനം ചെയ്ത 'വരട്ടുചൊറി'യും പ്രീമിയർ ഷോയിൽ ശ്രദ്ധേയമായി.

ഫെസ്റ്റിവൽ ഡയറക്ടേഴ്സ് പാക്കേജ്, ഫീച്ചർ ഫിലിം, റെട്രോസ്പെക്റ്റിവ്, മ്യൂസിക് വിഡിയോ, കൊളാഷ് എന്നീ വിഭാഗങ്ങളിലാണ് സ്ക്രീനിങ് നടത്തിയത്. ഡോക്യുമെൻററി, ഷോർട്ട് ഫിലിം എന്നീ ഇനങ്ങളിൽ മത്സരവും ഉണ്ടായിരുന്നു. മത്സര ഇനങ്ങളിൽ ലഭിച്ച നൂറുകണക്കിന് എൻട്രികളിൽനിന്ന് തെരഞ്ഞെടുത്ത പത്തുവീതം ഷോർട്ട് ഫിലിമുകളും ഡോക്യുമെൻററികളുമാണ് പ്രദർശിപ്പിച്ചത്.

മ്യൂസിക് വിഡിയോ ഓപൺ ഫോറത്തിൽ പ്രദർശിപ്പിച്ച, 'നൊസ്സ്' , 'വന്ദേമാതരം ഷിറ്റ് വേർഷൻ',' അമേരിക്ക അമേരിക്ക', 'സ്റ്റുഡൻറ് റാപ് എഗൈൻസ്റ്റ് ട്രംപ്' എന്നിവ പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റി. ഇതിൻെറ സംവിധായകരായ നാസർ മാലിക്ക്, ആർ.പി. അമുദാൻ, കെ.പി. ശശി തുടങ്ങിയവരും അണിയറ പ്രവർത്തകരും പ്രേക്ഷകരുമായി സംവദിച്ചു. ഓപൺ ഫോറത്തിൽ സംവിധായകൻ മുഹ്സിൻ പരാരി മോഡറേറ്ററായിരുന്നു.

'State Revisiting freedom' എന്ന ഈ വർഷത്തെ മേളയുടെ പ്രമേയം അധികരിച്ച് ചർച്ച സമ്മേളനവും നടന്നു. 2013ൽ സോളിഡാരിറ്റി യൂത്ത് മൂവ്മെൻറ് ആരംഭിച്ച ഈ ഫിലിം ഫെസ്റ്റ്, ഈ വർഷം മുതൽ വ്യത്യസ്ത സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിലാണ് സംഘടിപ്പിച്ചത്. ●




## കത്തുകൾ

### നോവുന്ന അനുഭവം

അസ്സലാം പി. തയാറാക്കിയ ഫീച്ചർ 'പ്രതീക്ഷയുടെ പാളം കടന്ന്' (ലക്കം 1514) നോവുന്ന അനുഭവമായി. എനിക്കോർമ വന്നത് എന്നെ തന്നെയാണ്. ഞാനും ട്രെയിനിൽ യാത്രചെയ്യണമെന്ന് ഒരുപാട് ആഗ്രഹിക്കുന്നവളായിരുന്നു. എന്നാൽ, അതിനൊരവസരം ഒത്തുവന്നിട്ടില്ലായിരുന്നു. പക്ഷേ, വിധി ഒരിക്കലും ഞാൻ ആഗ്രഹിക്കുന്നതായിരുന്നില്ല. എൻെറ ആദ്യ ട്രെയിൻ യാത്ര ഇതുപോലെ ആർ.സി.സിയിലേക്കായിരുന്നു. ട്രെയിൻ യാത്ര ആസ്വദിക്കാൻ കഴിയാതെ വേദന തിന്നുള്ള യാത്ര. അതെ, രാജ്യറാണി എക്സ്പ്രസ്. മാത്രമല്ല, കോഴിക്കോട് വഴി പോകുന്ന രാത്രിയിലുള്ള പല ട്രെയിനുകളും ഇതുപോലെയാണ്; 'മരുന്നു മണക്കുന്ന സ്ലീപ്പർ കോച്ചുകൾ.'

നബീല വിളഞ്ഞോത്ത്, അരീക്കോട്

### കണ്ണുതുറക്കേണ്ട സമയമായി

നിലമ്പൂരിൽനിന്നുള്ള രാജ്യറാണി എക്സ്പ്രസ് ഷൊർണൂരിൽ അമൃതയുമായി ചേർന്ന് തിരുവനന്തപുരത്തേക്കും തിരിച്ചും വരുന്നതിനെക്കുറിച്ചു മുമ്പുതന്നെ അറിയാം. എന്നാലതിലെ യാത്രക്കാരെക്കുറിച്ച് 'വാരാദ്യ മാധ്യമ'ത്തിൽ വന്ന 'പ്രതീക്ഷയുടെ പാളം കടന്ന്' എന്ന ഫീച്ചർ വായിച്ചപ്പോഴാണ് വ്യക്തമായത്. നനഞ്ഞ മിഴിയോടെയാണതു വായിച്ചത്. ആർ.സി.സിയിൽ എത്തുന്ന അർബുദ രോഗികളിൽ തിരുവനന്തപുരം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർ മലപ്പുറത്തു നിന്നാണെന്ന സൂചന എല്ലാവരും കണ്ണുതുറക്കേണ്ട സമയമായെന്ന് ഓർമപ്പെടുത്തുന്നു. പരിഹാരം എത്രയും വേഗം കാണേണ്ടതുണ്ട്.

മൊയ്തുക്കുട്ടി, വിളത്തൂർ

### ആ സത്യം മനസ്സിനെ നടുക്കുന്നു

നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസിന് കണ്ണീരിൽ ചാലിച്ച കഥപറയാനുണ്ടെന്ന് മനസ്സിലായത് 'പ്രതീക്ഷയുടെ പാളം കടന്ന്' എന്ന ലേഖനം വായിച്ചപ്പോൾ മാത്രമാണ്. കാൻസർ ബാധിച്ച ആ സഹോദരങ്ങളുടെ കഥകൾ കണ്ണുനനയിക്കുന്നു. കാൻസർ വല്ലാത്ത രോഗംതന്നെയാണ്. കുടുംബത്തെ മാനസികമായും സാമ്പത്തികമായും തളർത്തും. രോഗികളിൽ ബഹുഭൂരിപക്ഷവും മരണത്തിന് കീഴടങ്ങുകയും ചെയ്യും. പണ്ടൊക്കെ അപൂർവമായിരുന്ന ഈ രോഗം ഇന്ന് സാർവത്രികമായിക്കൊണ്ടിരിക്കുന്നു എന്ന സത്യം മനസ്സിനെ നടുക്കുന്നു.

എം.എം. അബ്ദുന്നൂർ, ഈരാറ്റുപേട്ട

### ദാനാ മാജി

വിശ്വനാഥ പ്രസാദ് തിവാരി രചിച്ച ദാനാ മാജി (ലക്കം 1514) കവിത ഒഡിഷയിലെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ഇരകളെക്കുറിച്ചാണ്. അതിനൊരു ഉദാഹരണം മാത്രമാണ് ദാനാ മാജിയും ഭാര്യ അമംഗിയും. ഇതുപോലെ കൂരിരുട്ടിൽ ഇരുന്ന് കണ്ണീരുകുടിക്കുന്ന പലരെയും സമൂഹം തിരിഞ്ഞുനോക്കാതെ പോകുന്നു. വാരാദ്യ മാധ്യമത്തിന് അഭിനന്ദനങ്ങൾ.

കെ.ടി. നജീബ് റഹ്മാൻ, മാണിക്യപ്പറമ്പ്

### ചർച്ചക്കെടുത്തതിൽ സന്തോഷം

മോഹിനിയാട്ടത്തെ ജനകീയമാക്കാൻ കേരള കലാമണ്ഡലം നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച 'എന്തു ഞാനിഹ ചെയ്‍വൂ' (ലക്കം 1514) എന്ന വി.വി. ശ്രീജിത്തിൻെറ ലേഖനം ശ്രദ്ധേയമായി. വാരാദ്യ മാധ്യമം ഇത്തരം ഒരു വിഷയം ചർച്ചക്കെടുത്തതിൽ ആഹ്ലാദമുണ്ട്.

ശാരദ മോഹൻ, തൃത്താല, പട്ടാമ്പി

### തൻേറടമുള്ള പെണ്ണ്



വെയിലും കാറ്റും കോളും ഒന്നും ഭയക്കാതെ, മറ്റുള്ളവരുടെ ആക്ഷേപവും പരിഹാസവും വകവെക്കാതെ സ്വന്തം തൊഴിലിൽ ഉറച്ചുനിന്ന രേഖയുടെ ജീവിതം പറയുന്ന കടലോളം (ലക്കം 1514) ഗംഭീരമായി.

രേഖക്ക് എല്ലാവിധ പിന്തുണയും നൽകുന്ന ഭർത്താവ് കാർത്തികേയനും പ്രശംസയർഹിക്കുന്നു.

കുഞ്ഞികൃഷ്ണൻ എടാട്ട്, തൃപ്പൂണിത്തുറ

### ഇങ്ങനെയും ചില മനുഷ്യർ

ലക്കം 1513 വാരാദ്യ മാധ്യമത്തിൽ വന്ന 'രക്തബന്ധു' എന്ന ഫീച്ചർ ഒരുപാട് തവണ വായിച്ചു. ഇങ്ങനെയുള്ള മനുഷ്യർ ഇന്നും ജീവിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷവും ബഹുമാനവും തോന്നുന്നു. രക്തബന്ധു എന്ന തലക്കെട്ടിനെ അന്വർഥമാക്കുന്നതായിരുന്നു അതിലെ വരികൾ. വരുമാനത്തിൻെറ 98 ശതമാനവും ജീവകാരുണ്യ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുന്ന ആ മഹാമനസ്സിൻെറ ഉടമ ഡോ. സുരീന്ദർപാൽ സിങ് ഒബ്റോയിക്ക് ഒരായിരം അഭിവാദ്യങ്ങൾ.

ബി.കെ. മൂസ, വള്ള്യാട്

i

### ഡോ.കെ.കെ. രാഹുലൻ അവാർഡ്

ഡോ.കെ.കെ. രാഹുലൻ സ്മാരക അവാർഡിന് ശിപാർശ ക്ഷണിക്കുന്നു. സാമൂഹിക- സാംസ്കാരിക നേതാവ്, പ്രഭാഷകൻ, ഗാന്ധിയൻ, മതേതരവാദി തുടങ്ങിയ മേഖലകളിൽ സംസ്ഥാനതലത്തിൽ വ്യക്തിമുദ്രപതിപ്പിച്ച മികച്ച വ്യക്തിയുടെ സമഗ്ര സംഭാവന കണക്കിലെടുത്താണ് അവാർഡ് നൽകുക. 10,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. ലഘുജീവചരിത്രക്കുറിപ്പ്, ഗ്രന്ഥങ്ങൾ, പത്രവാർത്തകൾ തുടങ്ങിയവയോടൊപ്പമുള്ള ശിപാർശകൾ ബേബി മൂക്കൻ, സെക്രട്ടറി, സഹൃദയവേദി, തൃശൂർ-680020 എന്ന വിലാസത്തിൽ മേയ് 31ന് മുമ്പ് അയക്കേണ്ടതാണ്. ഫോൺ: 7559950932. ഇ-മെയിൽ: sahrudayaveditcr@gmail.com

### നുറുങ്ങ് –എം.എം. സേതുമാധവൻ പുരസ്കാരം

നുറുങ്ങ് മാസിക ഏർപ്പെടുത്തിയ രണ്ടാമത് നുറുങ്ങ് -എം.എം. സേതുമാധവൻ സ്മാരക കവിതാ പുരസ്കാരത്തിന് 45 വയസ്സിൽ താഴെയുള്ള എഴുത്തുകാരിൽനിന്ന് സൃഷ്ടികൾ ക്ഷണിക്കുന്നു. 5000 രൂപയും ശിൽപവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. 2013 ജനുവരി മുതൽ 2017 ഏപ്രിൽ വരെ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച കവിതാസമാഹാരങ്ങളാണ് പരിഗണിക്കുക. ജൂൺ 30ന് മുമ്പായി പത്രാധിപർ, നുറുങ്ങ് മാസിക, പി.ഒ എൻജിനീയറിങ് കോളജ്, തൃശൂർ-680009 വിലാസത്തിൽ സമാഹാരത്തിൻെറ നാല് കോപ്പികളും വയസ്സുതെളിയിക്കുന്ന സർട്ടിഫിക്കറ്റും ബയോഡാറ്റയും ഒരു ഫോട്ടോയും അയക്കണം. ഫോൺ: 9747325718, 8330848954.

### അങ്കണം സ്മിതാമേനോൻ എൻഡോവ്മെൻറ്

അങ്കണം സാംസ്കാരികവേദിയുടെ സ്മിതാമേനോൻ എൻഡോവ്മെൻറിന് കൃതികൾ ക്ഷണിക്കുന്നു. 2014, 2015, 2016 വർഷങ്ങളിൽ പ്രസിദ്ധീകരിച്ച സാഹിത്യവിമർശന ഗ്രന്ഥങ്ങൾക്കാണ് എൻഡോവ്മെൻറ്. 5000 രൂപയും ശിൽപവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് എൻഡോവ്മെൻറ്. താൽപര്യമുള്ളവർ ബയോഡാറ്റസഹിതം പുസ്തകത്തിൻെറ മൂന്ന് കോപ്പികൾ ജൂൺ 27ന് മുമ്പായി ആർ.ഐ. ഷംസുദ്ദീൻ, അങ്കണം, ടെമ്പിൾ റോഡ്, പൂത്തോൾ, തൃശൂർ-680004. ഫോൺ: 9447038110 എന്ന വിലാസത്തിൽ അയക്കണം.

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.
whatsapp: 9645006105, e-mail: varadyam@madhyamam.in
തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്,പി.ഒ. കോഴിക്കോട് -12

കഥ

# തിരനോട്ടം

പേരയം ശ്രീകുമാർ

കണ്ണാടിക്കു മുന്നിൽനിന്ന് സ്വന്തം രൂപം കാണുമ്പോഴുള്ള സന്തോഷം സയാനക്ക് മറ്റൊരിടത്തുനിന്നും ലഭിച്ചിരുന്നില്ല. താൻ ആരാധിക്കുന്ന ചില താരസുന്ദരിമാരുടെ രൂപസാദൃശ്യം ചില പ്രത്യേക ആംഗിളുകളിൽ തന്നിൽ കണ്ടെത്തി അവൾ നിർവൃതി അനുഭവിച്ചിരുന്നു. തൻേറത് ഒരുതരം ആത്മരതിയാണെന്ന് ഫിറോസ് കളിയാക്കാറുണ്ട്. എങ്കിലും അവളത് ഇഷ്ടപ്പെട്ടിരുന്നു. പിന്നിട്ടജീവിതം മുഴുവൻ ഒരു കണ്ണാടിയിലെന്നവണ്ണം കാണുന്നതിലെ കൗതുകം അവൾ സങ്കൽപിക്കാറുണ്ട്. തൻെറ ജീവിതം നിർമാതാവിൻെറ കച്ചവട താൽപര്യങ്ങളിൽ കുരുക്കി കാഴ്ചക്കാരൻെറ ഇഷ്ടങ്ങൾക്കനുസരിച്ച് രണ്ടുമണിക്കൂർ കൊണ്ട് ആടിത്തീർക്കേണ്ടി വരുന്നതിലെ മടുപ്പ്, എല്ലാ ജന്മങ്ങളിലും ഒരേ ജീവിതസന്ദർഭങ്ങൾ ആവർത്തിച്ചനുഭവിക്കേണ്ടി വരുന്നതിലെ വിരസത ഇതെല്ലാം അവളെ സങ്കടപ്പെടുത്താറുണ്ട്. പല പ്രാവശ്യം സ്ക്രീനിൽനിന്ന് പുറത്തിറങ്ങാൻ അവൾ ശ്രമിച്ചതാണ്. പക്ഷേ, കാഴ്ചക്കാരുടെ മുന്നിലൂടെ എങ്ങനെ പുറത്തിറങ്ങാനാണ്. ദൃശ്യത്തിൽ താനില്ലാത്തപ്പോൾ ഇറങ്ങാനാവുമോ എന്നു പരീക്ഷിക്കുകപോലും ചെയ്തു. നഗരത്തിലെ ഒരു ബി ക്ലാസ് തിയറ്ററിൽ തിരക്കു കുറഞ്ഞ ഒരു ബുധനാഴ്ച മാറ്റിനി നടക്കുന്നതിനിടയിൽ പുറത്തിറങ്ങാൻ അവൾ തീരുമാനിച്ചു.

ആവർത്തനം കൊണ്ടുമാത്രം വിരസമായ ഒരു കഥാസന്ദർഭത്തിൽ കാഴ്ചക്കാരുടെ ശ്രദ്ധയിൽപെടാതെ, ദൃശ്യവിന്യാസങ്ങളുടെ പ്രകാശചതുരത്തിൽനിന്ന് ഒരു ത്രിമാനചിത്രത്തിൽ നിന്നെന്നവണ്ണം സയാന കാലുകൾ പുറത്തേക്ക് നീട്ടിവെച്ചു. സാവധാനം ചുറ്റും നോക്കി. പിന്നെ ഒരൊറ്റച്ചാട്ടം. സ്ക്രീൻ ഒന്നിളകിയോ എന്നവൾ സംശയിച്ചു. പൊടുന്നനെ അഭ്രപാളിയിൽനിന്ന് പുറത്തായപ്പോൾ അവളുടെ ശരീരം കൂടുതൽ കറുക്കുകയും ശരീരത്തിൻെറ തിളക്കവും വലുപ്പവും നഷ്ടപ്പെടുകയും ചെയ്തു. പെട്ടെന്നുണ്ടായ മാറ്റത്തിൽ വിഷമം തോന്നിയെങ്കിലും അത് ബോധപൂർവം അവൾ അവഗണിച്ചു.

ഇരുട്ടിൽ ഇടക്കിടക്ക് സ്ക്രീനിൽനിന്ന് കാണികളുടെ മുഖത്ത് പ്രതിഫലിക്കുന്ന പ്രകാശത്തിൻെറ ദുർബലമായ അലകൾ. അവരുടെ തലക്കുമുകളിലൂടെ നീണ്ടു പോകുന്ന പ്രകാശത്തിൻെറ ഒരു വലിയ ചതുരക്കുഴൽ. അതിനടിയിലൂടെ അവൾ തലകുനിച്ച് നടന്നു. പിന്നിൽ പ്രമേയസംഗീതത്തിൻെറ അകമ്പടിയോടെ സ്വന്തം ജീവിത സന്ദർഭങ്ങളുടെ ഫാസ്റ്റ്മോഷൻ. ആസ്വാദന സമാധിയിൽ, സീറ്റുകൾക്കു മുകളിൽ ഉയർന്നുനിൽക്കുന്ന ശിരസ്സുകളിൽ ഒന്നായി അവളും അലിഞ്ഞുചേർന്നു. സ്വന്തം ജീവിതം ഒന്നു മാറിനിന്നു നോക്കുന്നതിലെ കൗതുകം അവളെ കൂടുതൽ ഉത്സാഹവതിയാക്കി. ഒരിക്കൽ അവസാനിപ്പിച്ച ജീവിതത്തിലേക്ക് ബോധപൂർവമായ ഒരു തിരിഞ്ഞുനോട്ടം. പരീക്ഷിച്ചു ബോധ്യപ്പെടുന്ന സ്വന്തം കണ്ണുകളുടെ സമഞ്ജനക്ഷമത. സയാന ആകാംക്ഷാപൂർവം ആസ്വാദകർക്കൊപ്പം പിറകിലെ ഒരു സീറ്റിലിരുന്നു.

പ്രഭാതം, സയാനയുടെ ഫ്ലാറ്റ്, അടുക്കള, ഉൾവശം.

ധിറുതിയിൽ എന്തൊക്കെയോ പാചകം ചെയ്യുന്ന സയാന.

ക്രമേണ ദൃശ്യം എതിർദിശയിലേക്കുമാറുന്നു. കാൽവിരലിൽ ഉയർന്നുനിൽക്കുന്ന പെൺകുട്ടിയുടെ കുഞ്ഞുപാദങ്ങളുടെ സമീപദൃശ്യം. മുകളിലെ ഷെൽഫിൽനിന്ന് സ്കൂൾ ബാഗിലേക്ക് എത്തിപ്പിടിക്കുന്ന പെൺകുട്ടിയുടെ വളയിട്ട കൈകൾ.

ബാഗ് എത്തിപ്പിടിക്കാൻ ശ്രമിക്കുന്ന സയാനയുടെ മകൾ നിയയുടെ മധ്യ ദൃശ്യം.

മിക്കിമൗസിൻെറ വർണചിത്രമുള്ള പുതിയ ടിഫിൻ ബോക്സിൻെറ ഭംഗി നോക്കുന്ന നിയ, മുഖത്തു നിറയുന്ന പുഞ്ചിരി.

മകളുടെ സന്തോഷം ശ്രദ്ധിക്കുന്ന സയാനയുടെ സമീപദൃശ്യം.

നിയയുടെ കൊഞ്ചൽ: അമ്മേ... ഞാനിന്ന് പുതിയ ടിഫിൻ ബോക്സ് കൊണ്ടോവും.

സയാനയുടെ മുഖത്ത് ക്രമേണ വിടർന്നു പരക്കുന്ന പുഞ്ചിരി.

പല സന്ദർഭത്തിലും താൻ കുറച്ചുകൂടി സൗമ്യമായും മൃദുവായും പെരുമാറേണ്ടതായിരുന്നുവെന്ന് അവൾക്കു തോന്നി. മകളോടു പോലും പലപ്പോഴും താൻ പരുഷമായി പെരുമാറുന്നു. പിന്നീട് ഒരിക്കലും തിരുത്താനാകില്ല എന്നറിയാമായിരുന്നിട്ടും എന്തേ താനത് ശ്രദ്ധിച്ചില്ല. രണ്ടു മണിക്കൂർ കൊണ്ട് ആടിത്തീർത്തത് ഏതെല്ലാം വേഷങ്ങളാണ്. പലതും കൂടുതൽ നന്നാക്കാമായിരുന്നു. പക്ഷേ, ഇനിയൊരു റീടേക്കിനു സാധ്യതയില്ലാത്തവിധം അത് പരസ്യപ്പെട്ടു പോയിരിക്കുന്നു.

ചിത്രത്തിൻെറ ഇടവേള സമയത്ത് മറ്റു പ്രേക്ഷകർക്കൊപ്പം അവൾ പുറത്തിറങ്ങിയില്ല. ഇടക്കിടക്കു തുറന്നടയുന്ന വാതിലിലൂടെ അകത്തേക്കു തള്ളിപ്പരക്കുന്ന വെളിച്ചത്തിൻെറ അസ്വസ്ഥത. അകത്ത് ശീതീകരണയന്ത്രത്തിൻെറ ചെറിയ തണുപ്പ്. നിരവധി പരസ്യങ്ങൾക്കൊടുവിൽ വീണ്ടും സിനിമയാരംഭിച്ചു.

കടൽത്തീരം, വൈകുന്നേരം,

അസ്തമയ സൂര്യനെ നോക്കിയിരിക്കുന്ന സയാനയുടെയും ഫിറോസിൻെറയും വിദൂര ദൃശ്യം.

വീശിയടിക്കുന്ന തിരമാലകൾ ഉയർത്തുന്ന ജലധൂളികളിൽ തിളങ്ങുന്ന അന്തിവെയിലിൻെറ ചുവപ്പ്. പരസ്പരം ചേർത്തുവെച്ച കൈകളിൽ പതിക്കുന്ന ജലകണികകളുടെ അതിസമീപദൃശ്യം.

മണലിൽ ചേർന്നുകിടക്കുന്ന സയാനയുടെയും ഫിറോസിൻെറയും മധ്യ ദൃശ്യം. സയാനയുടെ നെറ്റിയിൽനിന്ന് ജലത്തുള്ളികൾ തുടച്ചുകൊണ്ട് ഒഴുകിയിറങ്ങുന്ന ചൂണ്ടുവിരൽ (അതിസമീപ ദൃശ്യം)

സയാനയുടെ മുഖത്ത് വിടരുന്ന നാണം.

അവൾ പെട്ടെന്നു തലകുനിച്ചു. പിന്നെ പതിയെ തലയുയർത്തി നോക്കി. കാണികളെല്ലാം തന്മയീഭാവത്തിൽ നാണം അനുഭവിക്കുന്നുണ്ടെന്ന് അവൾക്കു തോന്നി. ആക്ഷനും കട്ടിനുമിടയിലെ ജീവിതത്തിൽ നാണത്തിനും മാനസികസാഹചര്യങ്ങൾക്കുമൊന്നും സ്ഥാനമില്ല. തിരശ്ശീലക്കപ്പുറമുള്ള ജീവിതം ഒന്നു സങ്കൽപിക്കുവാനായി അവൾ വെറുതെ കണ്ണുകൾ അടച്ചിരുന്നു. എത്രനേരം അങ്ങനെയിരുന്നുവെന്നറിയില്ല.

പെട്ടെന്ന് എന്തോ ബഹളം കേട്ടാണ് അവൾ സ്ക്രീനിലേക്കു നോക്കിയത്.

പകൽ,

തിരക്കുപിടിച്ച ഒരുത്തരേന്ത്യൻ നഗരം, തിരക്കുള്ള ബസാർ.

നാലുപാടും ചിതറി, സ്കൂളുകളിൽ, ഫാക്ടറികളിൽ, വീടുകളിൽ, പോകുന്ന മനുഷ്യരുടെ ഹെലികോപ്ടർ ദൃശ്യം.

ഒരു തീഗോളത്തിൻെറ അതിസമീപദൃശ്യം.

ദൃശ്യത്തിൽ നിറയുന്ന പൊട്ടിത്തെറി. ആകാശംമുട്ടെ ഉയർന്ന് നഗരത്തെ മുഴുവൻ വിഴുങ്ങി തുപ്പുന്ന തീനാളങ്ങൾ.

വേർതിരിച്ചെടുക്കാനാവാത്തവിധം വ്യത്യസ്തങ്ങളായ ശബ്ദങ്ങൾക്കൊപ്പം ലയിച്ചുചേരുന്ന ശോകസംഗീതം. ഹൃദയം നടുങ്ങുന്ന നിലവിളിയോടൊപ്പം ചിതറിത്തെറിക്കുന്ന മനുഷ്യശരീരങ്ങൾ. ഒരു കനൽക്കട്ടയായി എരിയുന്ന നഗരം.

സയാന നടുങ്ങി.

ഭയത്തോടെ അവൾ കണ്ണുകൾ ഇറുകെയടച്ചു. ഇരുട്ട് കണ്ണുകളിൽ മാത്രമല്ല, എങ്ങും ഇരുട്ടു മാത്രം. കരളു തുളക്കുന്ന ഒരു നിലവിളി കേട്ടാണ് അവൾ വീണ്ടും കണ്ണുതുറന്നത്. ഉറക്കെ അലറിക്കരയുന്നത് താൻ തന്നെയാണ്; അപ്പോഴും സ്ക്രീനിലെ ദൃശ്യത്തിൽ തൻെറ ഫ്ലാറ്റ് തന്നെയായിരുന്നു.



ചിത്രീകരണം: മനീഷ്

പകൽ, സയാനയുടെ ഫ്ലാറ്റ്, ഉൾവശം.

അലമുറയിട്ടു കരയുന്ന സയാനയുടെ സമീപദൃശ്യം. സാന്ത്വനവുമായി അടുത്തിരിക്കുന്ന നിരവധി സ്ത്രീകൾ. ഹാളിൽ മധ്യഭാഗത്തായി വെളുത്ത തുണിപുതച്ചു കിടത്തിയിരിക്കുന്ന സയാനയുടെ ഭർത്താവ് ഫിറോസിൻെറ ശരീരം. പതിയെ സ്ക്രീനിൽ നിറഞ്ഞു വളരുന്ന ശവശരീരത്തിൻെറ കത്തിക്കരിഞ്ഞ മുഖം. മരണവീടിൻെറ മറ്റു സ്വാഭാവിക ദൃശ്യങ്ങൾ. ഏതാനും പേർ ചേർന്ന് ശവശരീരം പുറത്തേക്കെടുക്കുന്നു. നിലവിളിച്ചുകൊണ്ട് പിന്നാലെ പായുന്ന സയാനയെ ബലംപ്രയോഗിച്ചു തടഞ്ഞുനിർത്തുന്ന സ്ത്രീകൾ. അമ്മയോടൊപ്പം പൊട്ടിക്കരയുന്ന നിയ. സയാനയുടെ കണ്ണുകളിൽ ഊറി നിറയുന്ന കണ്ണുനീർ. സയാന ഒരു നിമിഷം നോട്ടം പിൻവലിച്ചു. അടർന്നു മാറാത്ത കണ്ണുനീർത്തുള്ളിയുടെ സുതാര്യതയിലൂടെ അവൾ സ്ക്രീനിലേക്കു നോക്കി. വലിയ ജലഭിത്തിക്കുള്ളിലൂടെ ചലിക്കുന്ന ചിതറിയ ദൃശ്യങ്ങൾ വിദൂരതയിലേക്ക് അകന്നു പോകുന്നു.

അവൾ കണ്ണുതുടച്ചു, ചുറ്റും നോക്കി. സഹതാപത്തോടെ സ്ക്രീനിലേക്കു നോക്കിയിരിക്കുന്ന കാണികൾ. അവരുടെ കണ്ണുകളിൽ നിഗൂഢമായ ഒരാസ്വാദനസുഖം.

മടുപ്പുതോന്നി. അവൾ പുറത്തേക്കിറങ്ങി. തിയറ്ററിനുപുറത്ത് ശരീരം പൊള്ളിക്കുന്ന ഉഷ്ണം കാഴ്ചതുളക്കുന്ന പ്രകാശം. തിയറ്ററിനെതിർവശത്തെ ഹോം അപ്ലയൻസിൽ പുറത്തേക്കു തിരിച്ചു നിരത്തിവെച്ചിട്ടുള്ള ടെലിവിഷനുകളിൽ കാണുന്ന ന്യൂസ് റീഡറുടെ പതിവു മാനറിസങ്ങൾ. അവളുടെ കണ്ണുകൾ ടെലിവിഷൻ സ്ക്രീനിലേക്ക് സൂം ചെയ്തു.

വാർത്തകൾ വിശദമായി,

സാവേരീ ബസാറിൽ രാലിലെയുണ്ടായ ബോംബ് സ്ഫോടനത്തിൽ 100ലധികം പേർ കൊല്ലപ്പെട്ടു. മരണസംഖ്യ ഇനിയും ഉയരാൻ സാധ്യത. സംഭവ സ്ഥലത്തുനിന്ന് ഞങ്ങളുടെ ലേഖകൻ ഒപ്പം ചേരുന്നു.

സദയ് എന്താണ് ഇപ്പോഴത്തെ സ്ഥിതി? സ്ഫോടനത്തിൻെറ ഉത്തരവാദിത്തം ആരെങ്കിലും ഏറ്റെടുത്തിട്ടുണ്ടോ? ആരുടെ നേർക്കാണ് സംശയത്തിൻെറ നിഴൽ വീഴുന്നത്?കത്തിക്കരിഞ്ഞ ബസാറിൻെറ പശ്ചാത്തലത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുന്നു.

വിജയ് രാജ്യത്തെ നടുക്കിയ ഭീകരാക്രമണത്തിനു വേദിയായ സാവേരി ബസാറിലാണ് ഞാനിപ്പോൾ നിൽക്കുന്നത്. 100ലധികം പേരാണ് ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഇതിനുമുമ്പ് ആറുതവണയാണ് സമാനമായ ആക്രമണം രാജ്യത്തുണ്ടായത്. രാജ്യത്തിൻെറ അഖണ്ഡതയെ അപായപ്പെടുത്തുവാൻ ആരെയും അനുവദിക്കില്ലെന്ന ആഭ്യന്തരമന്ത്രിയുടെ പ്രസ്താവന നിലനിൽക്കെയാണ് ഈ ആക്രമണം വീണ്ടും നടന്നിരിക്കുന്നത്.

ന്യൂസ് റീഡർ; നന്ദി ഇനി ആക്രമണം തകർത്ത ചില കുടുംബങ്ങളിലേക്ക്.

സയാനക്കു മടുപ്പുതോന്നി. ജീവിതത്തോടു മാത്രമല്ല, അതിലെ കാഴ്ചകളോടും. വീണ്ടും തിയറ്ററിനകത്തേക്ക്. ഇപ്പോൾ മിതമായ ഇരുട്ടിൽ തിയറ്ററിന് ഉൾവശം മുഴുവൻ കാണാം എല്ലാവരും ആകാംക്ഷാപൂർവം ചിത്രം കാണുകയാണ്. തൻെറ ജീവിതം മറ്റുള്ളവർ എങ്ങനെ നോക്കിക്കാണുന്നുവെന്ന സഹജമായ ആകാംക്ഷയിൽ അവൾ സീറ്റിനിടയിലൂടെ ശബ്ദമുണ്ടാക്കാതെ നടന്നു. ചോളപ്പൊരിയും കപ്പലണ്ടിയും ചവക്കുന്ന ശബ്ദത്തിനിടയിലൂടെ ലഹരിയുടെ അർധബോധത്തിൽ സിനിമ കാണുന്നവർക്കിടയിലൂടെ. ഇണയുമൊത്തുള്ള ഉല്ലാസത്തിനു തൻെറ ജീവിതം മറയാക്കുന്നവർക്കിടയിലൂടെ. ഇടക്ക് ഒരു കണ്ണാടിയിലെന്നവണ്ണം അവൾ തിരശ്ശീലയിലേക്ക് നോക്കുന്നുണ്ടായിരുന്നു. കണ്ണാടിക്കുമുന്നിൽ സ്വന്തം രൂപം നോക്കിക്കാണുന്ന സയാനയുടെ സമീപദൃശ്യം.

തനിക്കു രൂപഭാവങ്ങൾ പകർന്നു നൽകിയ നടിയുടെ അംഗലാവണ്യത്തിൽ അവൾക്ക് അഭിമാനം തോന്നി.

ഇന്നു യൂനിഫോമാണോ അമ്മേ.

പുതിയ യൂനിഫോം ഉയർത്തിക്കാട്ടി പുഞ്ചിരിച്ചു നിൽക്കുന്ന നിയയുടെ സജഷൻ ഷോട്ട് അവളെ ഉന്മേഷവതിയാക്കി. വീണ്ടും അവൾ സ്ക്രീനിൽ ശ്രദ്ധിച്ചു.

ടിഫിൻ ബോക്സിലേക്കു സ്പൂണുകൊണ്ടു ചോറുനിറക്കുന്ന സയാന. കാരറ്റു മെഴുക്കു പുരട്ടിയതും ചമ്മന്തിയും തൈരും സമീപദൃശ്യത്തിൽ.

മോളു ചോറു മുഴുവനും കഴിക്കണം കേട്ടോ. സ്നേഹത്തോടെ മകളെ ഓർമിപ്പിക്കുന്ന സയാന. സമ്മതഭാവത്തിൽ തലയാട്ടുന്ന നിയ. തുടർച്ചയായി ഉയർന്നുകേൾക്കുന്ന ഹോണിൻെറ ശബ്ദം.

ധിറുതിപ്പെട്ട് മകളെ സ്കൂൾ വാനിലേക്ക് കയറ്റി പുഞ്ചിരിയോടെ കൈവീശുന്ന സയാന. അകന്നുപോകുന്ന സ്കൂൾ വാനിൻെറ അതിവിദൂരദൃശ്യം. സയാനയുടെ മുഖത്തു നിറയുന്ന പുഞ്ചിരി.

സയാന യാന്ത്രികമായി സ്ക്രീനിലേക്കു നോക്കി പുഞ്ചിരിച്ചുകൊണ്ട് കൈവീശി. പിന്നെ പെട്ടെന്ന് ബോധവതിയായി ചുറ്റും നോക്കി. എല്ലാവരും സിനിമയിൽ മാത്രം ശ്രദ്ധിച്ചിരിക്കുകയാണ്. അവൾ ആശ്വാസത്തോടെ നെടുവീർപ്പിട്ടു.

സ്ക്രീനിൽ നിറയുന്ന ചുവപ്പുനിറം,

ക്രമേണ ദൃശ്യം ചെറുതായി ഒരു സിഗ്നൽ ലൈറ്റിൻെറ ചുവപ്പിലേക്ക് ചുരുങ്ങുന്നു. ചുവപ്പു സിഗ്നലിനു പിന്നിൽ കാത്തുകിടക്കുന്ന വാഹനങ്ങളുടെ അക്ഷമ. കൂട്ടത്തിൽ കാണുന്ന നിയ കയറിയ സ്കൂൾ വാൻ. വാനിൽനിന്ന് തലപുറത്തേക്കിട്ട് സാകൂതം വീക്ഷിക്കുന്ന കുട്ടികൾ. കൂട്ടത്തിൽ മുതുകിൽ ബാഗു തൂക്കി പുറത്തേക്കുനോക്കുന്ന നിയ. സിഗ്നൽ പച്ച തെളിയുന്നു. വാഹനങ്ങൾ പതിയെ മുന്നോട്ടുനീങ്ങുന്നതിൻെറ വിദൂരദൃശ്യം. ട്രാഫിക് നിയമം തെറ്റിച്ച് സ്കൂൾ വാനിൻെറ മുന്നിലേക്ക് വിലങ്ങനെ കയറുന്ന ഒരു ബൈക്ക്. റോഡിൽ ഉരയുന്ന റബർ ചക്രങ്ങളുടെ അതിസമീപദൃശ്യം. പൊടുന്നനെ വീണ്ടും നിശ്ചലമാകുന്ന വാഹനങ്ങലുടെ നിര. വാഹനങ്ങൾക്കിടയിലൂടെ ഊർന്നുകയറുന്ന മനുഷ്യർ. സിനിമയുടെ കാഴ്ചക്കാരുടെ മാത്രം ശ്രദ്ധയിലേക്ക്, നിയയുടെ ബാഗിൽനിന്ന് മിക്കി മൗസിൻെറ ചിത്രമുള്ള ടിഫിൻ ബോക്സ് എടുത്തുമാറ്റി, പകരം അതേരൂപത്തിലുള്ള ബോക്സ് നിക്ഷേപിക്കുന്ന ചെറുപ്പക്കാരൻെറ പാർശ്വദൃശ്യം. സാവധാനത്തിൽ അടയുന്ന സ്കൂൾ ബാഗിൻെറ സിബ് (അതിസമീപദൃശ്യം).

നിയ

സയാന സീറ്റിലിരുന്ന് ഉറക്കെ വിളിച്ചു. അത് തിയറ്ററിനുള്ളിലെ പരുക്കൻ പ്രതലത്തിൽ തട്ടി പ്രതിധ്വനിച്ചു. കാഴ്ചക്കാരെല്ലാം എഴുന്നേറ്റുനിന്ന് ഇരുട്ടിലൂടെ സയാനയെ നോക്കി. ശീതീകരണിയുടെ തണുത്ത സമ്പർക്കത്തിലും അവൾ വിയർത്തു. പെട്ടെന്ന് അവളെഴുന്നേറ്റ് കാഴ്ചമറക്കാത്ത ഇരുട്ടിലൂടെ ഓടി. തിയറ്ററിനുള്ളിൽ നിറഞ്ഞു പരക്കുന്ന ചിരിയലകൾക്കിടയിലൂടെ സൈഡുകർട്ടനു മറവിൽ പതുങ്ങിനിന്നു.

പ്രേക്ഷകർ വീണ്ടും സിനിമയിലേക്കു തിരിച്ചുപോയി.

ഉച്ച,

നിയയുടെ സ്കൂൾ–

ടിഫിൻ ബോക്സുകളുമായി ലഞ്ച് റൂമിലേക്കു പോകുന്ന കുട്ടികളുടെ നീണ്ട ക്യൂ. അവരെ നിയന്ത്രിക്കുന്ന ആയമാരും അധ്യാപകരും. കൂട്ടത്തിൽ മിക്കിമൗസിൻെറ ചിത്രമുള്ള പുതിയ ടിഫിൻ ബോക്സ് കൂട്ടുകാരികളെ കാണിച്ച് സന്തോഷത്തോടെ നടക്കുന്ന നിയയുടെ ദൃശ്യം.

വട്ടത്തിൽ ഇരുന്ന് ഭക്ഷണം കഴിക്കുവാനൊരുങ്ങുന്ന കുട്ടികളുടെ അതിവിദൂര ദൃശ്യം. ടിഫിൻ ബോക്സ് കടിച്ചു തുറക്കുന്നതിനായി ചുണ്ടോടടുപ്പിക്കുന്ന നിയ

ഭൂമി മുഴുവൻ നിറയുന്ന നിശ്ശബ്ദതയിൽ അവളുടെ നിഷ്കളങ്കമായ പുഞ്ചിരി.

പൊടുന്നനെ കാതടപ്പിക്കുന്ന ഒരു നിലവിളി

ഒരു നിമിഷത്തെ നടുക്കത്തിനുശേഷമാണ് ശബ്ദം തിരിച്ചറിയപ്പെട്ടത്.

അത് തിയറ്ററിനകത്തുനിന്നാണ്.

പകച്ചുനിൽക്കുന്ന കാണികളെ വകവെക്കാതെ, അവർക്കിടയിലൂടെ, ഭയം കലർന്ന നിലവിളിയുടെ തുടർച്ചയിൽ സയാന സ്ക്രീൻ ലക്ഷ്യമാക്കി ഓടി. സിനിമയുടെ ക്ലൈമാക്സിൽ തൻെറ ഇടപെടൽമൂലം കാഴ്ചക്കാർക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ആലോചിക്കാതെ അവൾ സ്ക്രീനിലേക്ക് ഓടിക്കയറി. പക്ഷേ, അവൾക്ക് നിയ നിൽക്കുന്ന ദൃശ്യത്തിലേക്ക് എത്താനായില്ല. മുൻകൂട്ടി ചിത്രീകരിച്ചതും കഴിഞ്ഞുപോയതുമായ തൻെറ ജീവിതത്തിൽ വീണ്ടുമൊരിടപെടൽ നടത്തുവാനാകാതെ, തൻെറ പഴയരൂപത്തിൽ, ഒരിക്കൽ ആടി അവസാനിപ്പിച്ച ഭാവത്തിൽ, എത്ര ചലിപ്പിച്ചാലും മാറ്റംവരാത്ത തരത്തിൽ പരസ്യപ്പെട്ടുപോയ ജീവിതം അടക്കം ചെയ്ത ഫ്രേമിലേക്ക് അവൾ സന്നിവേശിക്കപ്പെട്ടു. ●

കവിത



# വേട്ടക്കഥ

വിനോദ് മനമ്മൽ

കാട്ടിലേക്കൊരു വേടനിറങ്ങിച്ചെന്നു
കാടകക്കുളിർ തൂകിയൊതുങ്ങി നിന്നു
കാലടിത്തിണർപ്പുകൾ വഴി വരച്ചു
വരമായ്ച്ച പുൽത്തുമ്പിൽ പകലുടഞ്ഞു.

ഇരുട്ടിൽ വിയർപ്പിന്നുറവ പൊട്ടി
വേരുകൾ തലപൊക്കി വരമ്പൊരുക്കി
കല്ലുകൾ കരൾ കീറി കിടങ്ങൊരുക്കി
ഇരുൾതൊട്ട് പുൽക്കൊടി കണ്ണിറുക്കി.

മുറിവില്ല! ഞാൻ വിട്ട കരച്ചിലില്ല
മഴുവാഴ്ന്ന പിടച്ചിലും ഒന്നുമില്ല
വന്നയാൾ കാട്ടിലേക്കിറങ്ങിപ്പോയെ
ന്നിരുളും വെളിച്ചവുമേറ്റുചൊല്ലി.

അതിൽപിന്നെ ഞാനെൻെറ ചുമരിനുള്ളിൽ
പുതുപുസ്തകത്തിലാ കാട് കണ്ടു
കരൾ നൊന്ത വേടൻെറ കരച്ചിൽ കേട്ടു
കനി കാണാ കണ്ണിൻെറ മുറിവറിഞ്ഞു.

ആ വരിക്കിടയിലേക്കറിയാതെ ഞാൻ
ആ വരിത്താളമായൂർന്നിറങ്ങി
കാടിൻെറ കരളിൻെറ മുറിവുതോറും
ഞാനെൻെറ കനവിൻെറ ഞാൺ വലിച്ചു.

●

പുസ്തകം



**പി.എസ്.സി നിയമനങ്ങളിലെ മെറിറ്റ് അട്ടിമറി**

സുദേഷ് എം. രഘു
പേജ്: 172, വില: 180.00
അദർ ബുക്സ്


സംവരണ സമുദായങ്ങൾ ഗൗരവത്തിലെടുക്കേണ്ട പി.എസ്.സി നിയമന അട്ടിമറിയെ കുറിച്ച പഠനഗ്രന്ഥം. സംവരണത്തിൻെറ ലക്ഷ്യങ്ങളെ പി.എസ്.സി അട്ടിമറിക്കുന്ന വിധം വസ്തുതാപരമായി സമർഥിക്കുന്നു. ജസ്റ്റിസ് കെ. സുകുമാരൻെറ അവതാരിക.



**തിരുമൊഴികളിലെ റമദാൻ**

ജഅ്ഫർ എളമ്പിലാക്കോട്
പേജ്: 172, വില: 160.00
വചനം ബുക്സ്

ആത്മാവിൻെറ വസന്തകാലമായ റമദാൻ മാസത്തെ പ്രയോജനപ്രദമാക്കാൻ ആഗ്രഹിക്കുന്നവർക്ക് വെളിച്ചത്തിൻെറ കൈത്തിരിയാകുന്ന പുസ്തകം. നോമ്പിനെ കുറിച്ച് പ്രവാചകൻ നടത്തിയ വ്യത്യസ്ത നിരീക്ഷണങ്ങൾ.



**ഖമറുന്നീസയുടെ കൂട്ടുകാരി**

സതീഷ് ബാബു പയ്യന്നൂർ
പേജ്: 78, വില: 75.00
ഡി.സി ബുക്സ്

സമകാലിക ജീവിതാവസ്ഥകളെ സ്വപ്നസമാന ഭാഷയിൽ സംവഹിക്കുന്ന കഥകൾ. എഴുത്തുകാരൻെറ എറ്റവും പുതിയ കഥാസമാഹാരം.



**മത്സരപരീക്ഷകളിലെ ഇൻഫർമേഷൻ ടെക്നോളജിയും സൈബർ ലോയും**

കെ.എം. അബ്ദുൽ സലാം
പേജ്: 160, വില: 140.00
ഐ റാങ്ക്


പി.എസ്.സി അടക്കം മത്സര പരീക്ഷകളിൽ ഇൻഫർമേഷൻ ടെക്നോളജിയുമായും സൈബർ ലോയുമായും ബന്ധപ്പെട്ട് ചോദിക്കാവുന്ന ചോദ്യങ്ങളുടെ സമാഹാരം.



**കാറൽ മാർക്സ്: ജീവിതം, ദർശനം, കത്തുകൾ**

സി. ബാലൻ നായർ
പേജ്: 274, വില: 250.00
ഒലിവ്


കാറൽ മാർക്സിൻെറ സമാനതകളില്ലാത്ത ജീവിതമുഹൂർത്തങ്ങളെ പകർത്തുന്ന ഗ്രന്ഥം. രാഷ്ട്രീയ പ്രവർത്തകർക്കും ചരിത്ര വിദ്യാർഥികൾക്കും ഈ പുസ്തകം ഏറെ പ്രയോജനകരമാണ്.



**ഗാന്ധി Vs ഗോഡ്സേ വധം, വിചാരണ, വിധി**

വെളിയം രാജീവ്
പേജ്: 278, വില: 275.00
സൈന്ധവ ബുക്സ്

ഗാന്ധിവധത്തിൻെറ അണിയറയിൽ നടന്ന അന്തർനാടകങ്ങളിലൂടെ ഗവേഷണ തൽപരനായ എഴുത്തുകാരൻ നടത്തിയ യാത്ര. ചരിത്രസത്യങ്ങളെ ധീരതയോടെ അനാവരണം ചെയ്യുന്ന കൃതി.



**വാൻഗോഗിൻെറ കത്തുകൾ**

വിവ: എൻ. മൂസക്കുട്ടി
പേജ്: 191, വില: 170.00
ലിപി പബ്ലിക്കേഷൻസ്

വിശ്വമാകെ തേജോമയമായി നിലകൊണ്ട വിശ്രുത ചിത്രകാരൻ വിൻസൻറ് വാൻഗോഗിൻെറ ആത്മസ്പർശിയായ കത്തുകളുടെ സമാഹാരം.



**ചാർളിയും ചോക്ലേറ്റ് ഫാക്ടറിയും**

റൊവാൾഡ് ഡാൽ
വിവ: ജോസഫ് ലായേൽ
പേജ്: 181, വില: 175.00
മാമ്പഴം

ചോക്ലേറ്റ് കഴിക്കാൻ ഏറെയിഷ്ടപ്പെടുന്ന ചാർളി ബക്കറ്റ് എന്ന കുട്ടിയുടെ സ്വപ്നങ്ങളിലൂടെയുള്ള സഞ്ചാരം. കുട്ടികളെ ആകർഷിക്കുന്ന കഥയും കഥാപാത്രങ്ങളും അവതരണവും ഉൾക്കൊള്ളുന്ന ബാലസാഹിത്യം.

തൻെറ കൃഷി സ്വപ്നങ്ങളുടെ യാഥാർഥ്യങ്ങൾക്കായി കോഴിക്കോട്ടുകാരനായ ഈ പ്രവാസി യുവാവ് സഞ്ചരിച്ചത് 15 ഓളം രാജ്യങ്ങൾ. അദ്ദേഹത്തിൻെറ വിയർപ്പുകണങ്ങളിൽനിന്നും ഉയർന്നുപൊങ്ങിയ കതിരുകളും പച്ചപ്പുകളും പഴമയും കാണാൻ കോഴിക്കോട്ടെ ഓമശ്ശേരിയിലേക്ക് എത്തുന്നത് സ്വദേശികളും വിദേശികളുമായ നിരവധി പേർ

# സ്വപ്നപ്പൂന്തോപ്പ്



അഷ്റഫ് ഫാംഹൗസിൽ

കൃഷിജീവിതം

ഭരതന്നൂർ ഷമീർ

ദോഹയിൽ മാസങ്ങൾക്ക് മുമ്പ് നടന്ന അഗ്രോ ഫെസ്റ്റിവൽ നഗരിയിലാണ് ആ യുവാവിനെ കണ്ടുമുട്ടിയത്. ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ കർഷകരും കാർഷിക ഉൽപന്നങ്ങളും നിറഞ്ഞ സ്റ്റാളുകൾക്കിടയിലൂടെ ഒരു കുട്ടിയുടെ കൗതുകവുമായി ചുറ്റിപ്പറ്റി നടക്കുന്ന അയാളെ ശ്രദ്ധിക്കാനുള്ള കാരണം വാങ്ങിക്കൂട്ടിയ ചെടികളും വിത്തുകളും നിറഞ്ഞ, കൈയിലെ ബാഗുകളുടെ എണ്ണമായിരുന്നു. സ്റ്റാളുകളിലെ കർഷകരോട് അദ്ദേഹം ഓരോന്ന് ചോദിച്ച് ചുറ്റിപ്പറ്റി നിൽക്കുന്നുണ്ട്, ചിലത് കൈയിലുള്ള നോട്ട്ബുക്കിൽ കുറിക്കുന്നു, ഇതിനിടയിൽ അലങ്കാര കോഴികളെയും കന്നുകാലികളെയും ഓമനിക്കുന്നുണ്ട്, സ്റ്റാളുകളിൽനിന്നും കാശ് കൊടുത്ത് തീറ്റകൾ വാങ്ങി അവക്ക് നൽകുന്നുമുണ്ട്. പരിചയപ്പെട്ടപ്പോൾ മലയാളിയാണ്. കോഴിക്കോട് ഓമശ്ശേരിയിലാണ് വീടെന്നും പേര് അഷ്റഫ് കാക്കാട് ആണെന്നും പുഞ്ചിരിയോടെ മറുപടി നൽകി. പിന്നെ സെമിനാർ ഹാളിലേക്ക്, വിഷയം അവതരിപ്പിക്കുന്ന കാർഷിക ശാസ്ത്രജ്ഞൻെറ മുന്നിലേക്ക് പോകുന്നതും കണ്ടു.

അഗ്രോ ഫെസ്റ്റിവൽ സമാപന ദിനത്തിൽ അഷ്റഫ് കാക്കാടിനെ വീണ്ടും കണ്ടുമുട്ടി. അപ്പോഴും കൈയിൽ സ്റ്റാളുകളിൽനിന്ന് വാങ്ങിക്കൂട്ടിയ ധാരാളം വിത്തുകളും ചെടികളുമുണ്ടായിരുന്നു. ഇതെല്ലാം നാട്ടിലേക്ക് കൊണ്ടുപോകുന്നുണ്ടോ എന്ന് ചോദിച്ചപ്പോൾ ഒരു ചിരിയോടെ മറുപടി വന്നു. 'ഇവിടെ സുഹൃത്തുക്കൾക്ക് ആർക്കെങ്കിലും കൊടുക്കാല്ലോ..' അഷ്റഫുമായി കുറച്ചുനേരം സംസാരിച്ചപ്പോൾ കൃഷിയിലുള്ള താൽപര്യം ബോധ്യംവന്നു. എന്നാൽ, അതൊരു കേവല താൽപര്യമല്ലായെന്നും രക്തത്തിൽ അലിഞ്ഞുചേർന്ന പ്രണയമാണെന്നും ഏറെ കഴിയും മുമ്പേ മനസ്സിലായി. ലോകത്തിൻെറ വിവിധ ഭാഗങ്ങളിലെ കാർഷിക അന്തരീക്ഷത്തെ കുറിച്ച് പഠിച്ച്, തൻെറ ഗ്രാമത്തിൽ അതിൻെറ ലഘു പതിപ്പ് സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ് ഇദ്ദേഹം. സ്വന്തം ജീവിതം അതിനായി ഉഴിഞ്ഞുവെച്ച, ഒരു പ്രവാസി ബിസിനസുകാരനാണ് അഷ്റഫ്. ചൈനയടക്കം രാജ്യങ്ങളിൽ വരെ തൻെറ കൃഷിസ്വപ്നങ്ങളുടെ യാഥാർഥ്യത്തിനായി സഞ്ചരിച്ച അനുഭവങ്ങൾ, അറിഞ്ഞ കൃഷി രീതികൾ, പച്ചപ്പിൻെറ വൈവിധ്യങ്ങൾ എല്ലാം അഷ്റഫ് പറഞ്ഞുകൊണ്ടേയിരുന്നു. അത് കേൾക്കാൻ ഒരു പ്രത്യേക സുഖമുണ്ട്. പച്ചമരത്തിന് താഴെ നിന്ന് തണലും കുളിരും അനുഭവിക്കുന്ന അതേ സുഖം.

## മൂവാണ്ടൻ മാവും വരിക്ക പ്ലാവും

പാതയോരത്തിന് ഇരുവശത്തുമുള്ള വയലുകൾ, അതിന് അരികിലൂടെ തോടുകളും ചെറു നീർച്ചാലുകൾ, കൃഷിയിടങ്ങൾക്ക് നടുവിലുള്ള വീടുകൾ. കർഷകരുടെ അധ്വാനങ്ങൾ കായിട്ടും പൂവിട്ടും തലയുയർത്തി നിൽക്കുന്ന കാഴ്ചകൾ. മൂവാണ്ടൻ മാവുകളും വരിക്ക മണമുള്ള പ്ലാവുകളും എങ്ങും നീണ്ടുപരന്ന് പന്തലിച്ച്...ഒരുകാലത്ത് കേരള ഗ്രാമങ്ങൾ ഇങ്ങനെയായിരുന്നു എന്ന് പറഞ്ഞാൽ കുട്ടികൾ അദ്ഭുതപ്പെടും. ഇത്തരമൊരു നാട്ടുമ്പുറത്താണ് അഷ്റഫും ജനിച്ച് വീഴുന്നത്. ഓമശ്ശേരി കാക്കാട്ട് വീട്ടിൽ കുഞ്ഞിമുഹമ്മദിൻെറയും ഖദീജ ബീവിയുടെയും അഞ്ച് മക്കളിൽ മൂത്തവൻ. അന്നെല്ലാം പള്ളിക്കൂടത്തിൽ പോകുന്നതിന് മുമ്പും ശേഷവും കുട്ടികൾ വയലിലും പറമ്പിലും തങ്ങളെകൊണ്ടാവുന്ന വിധത്തിൽ വീട്ടുകാരെ സഹായിക്കലായിരുന്നല്ലോ പ്രധാന ശീലം. ആടിനും പശുവിനും പോത്തിനും തീറ്റയൊരുക്കാനും അവയെ അഴിച്ചുകെട്ടാനും എല്ലാം കുട്ടിപ്പട സജ്ജമായിരിക്കും. വലുതാകുമ്പോൾ വലിയ കൃഷിക്കാരനാകണമെന്നായിരുന്നു അഷ്റഫിൻെറ ആഗ്രഹം.

ഫാംഹൗസിൽ വളർത്തുന്ന ചെമ്മരിയാടുകൾ



## അറബിപ്പൊന്ന് തേടി

പ്രീഡിഗ്രിക്ക് ശേഷം കൃഷിയിലേക്ക് തിരിയണമെന്ന ആഗ്രഹം വീട്ടുകാരോട് പറഞ്ഞു. അവർ സമ്മതിച്ചില്ല. തൊണ്ണൂറുകളുടെ മധ്യത്തിൽ, കർഷകരുടെ കരിഞ്ഞുപോയ പാടങ്ങളും പറമ്പുകളും ജീവിതങ്ങളും ആ നാട്ടിലും നിരവധിയുണ്ടായിരുന്നു. കൂലിപ്പണിക്കാരെ കിട്ടാനില്ലാത്തതും നെൽകൃഷിക്കുള്ള അധികച്ചെലവും അടക്കം ഭാരിച്ച സാമ്പത്തിക പ്രയാസങ്ങൾ നാട്ടുമ്പുറത്തെ കൃഷിയെ ശരിക്കും ബാധിച്ചിട്ടുണ്ടായിരുന്നു. അങ്ങനെ സ്വപ്നം കണ്ടത് ഹൃദയത്തിൽ ഒരിടത്ത് മാറ്റിവെച്ച്, എല്ലാ ചെറുപ്പക്കാരെയും പോലെ മരുമണ്ണിലേക്ക് പുറപ്പെട്ടുപോകേണ്ടി വന്നു. തൊണ്ണൂറിൻെറ പകുതിയിലായിരുന്നു സൗദിയിലേക്കുള്ള ആ യാത്ര. കാര്യമായ നേട്ടങ്ങൾ ഒന്നും സംഭവിക്കാത്തതിനാൽ രണ്ട് വർഷം കഴിഞ്ഞപ്പോൾ തിരിച്ചുവന്നു. നാട്ടിൽ കൃഷി ചെയ്ത് ജീവിക്കണമെന്ന ആഗ്രഹമുണ്ടായെങ്കിലും അപ്പോഴും സാഹചര്യങ്ങൾ സമ്മതിച്ചില്ല. അങ്ങനെ നാട്ടിലൊരു ബിസിനസ് സംരംഭത്തിൽ ഏർപ്പെട്ടു. നാലുവർഷം ഹോം അപ്ലയൻസ് സ്ഥാപനം നടത്തിയെങ്കിലും നഷ്ടമോ ലാഭമോ ഇല്ലാതെ നാളുകൾ കടന്നുപോയി. വീണ്ടും സൗദിയിലേക്ക് പോകുക എന്നതായിരുന്നു ജീവിതം കരുപ്പിടിപ്പിക്കാനുള്ള അഷ്റഫിൻെറ മുന്നിലുള്ള ഏകമാർഗം. അങ്ങനെ രണ്ടാം തവണ അദ്ദേഹം സൗദിയിലേക്കെത്തി. പ്രവാസലോകത്തെ ആ നാളുകൾ പരിക്ഷീണമായിരുന്നു. അഞ്ച് വർഷത്തോളം ആ യത്നം തുടർന്നു. 2010 ൻെറ അവസാനത്തോടെ കാര്യങ്ങൾ ശുഭകരമാകാൻ തുടങ്ങി.

ഇതിനിടയിൽ പ്രവാസ ലോകത്തെ ജീവിതം മെച്ചപ്പെട്ടപ്പോൾ സാമ്പത്തിക പ്രയാസങ്ങൾ മാറി. അഷ്റഫ് പിന്നെ നാട്ടിലേക്ക് പുറപ്പെട്ടു. അപ്പോഴേക്കും നാട്ടിലെ അവശേഷിക്കുന്ന പച്ചപ്പുകളെല്ലാം നഷ്ടപ്പെട്ടുപോയിരുന്നു. എന്തുകൊണ്ട് പ്രവാസി എന്ന നിലക്ക് തന്നെ കൃഷിയിലേക്ക് ശ്രദ്ധ കൊടുത്തുകൂട എന്ന ചിന്ത വരുന്നത്അപ്പോഴാണ്. വീട്ടുകാർ പിന്നെയും എതിർത്തു. ഗൾഫിൽപോയി നാലുകാശ് ഉണ്ടാക്കിയത് വെറുതെ കളയരുത് എന്ന് മറ്റു ചിലർ. എന്നാൽ, അഷ്റഫ് പിന്തിരിഞ്ഞില്ല. ഗൾഫിൽനിന്നും സമ്പാദിച്ച തുക കൊണ്ട് രണ്ടേക്കർ വയലും കരയും വാങ്ങി. അവിടെ കൃഷി ആരംഭിച്ചു.

## ജൈവ ഇടം എന്ന സ്വപ്നം

കഴിയുന്നിടത്തോളം ജീവികൾക്കും ജന്തുക്കൾക്കും ഭക്ഷണവും വാസസ്ഥലവുമായി മാറണം തൻെറ കൃഷിയിടം എന്ന ആഗ്രഹക്കാരനായിരുന്നു അഷ്റഫ്. അവർ കഴിച്ചതിൻെറയും രുചിച്ചതിൻെറയും ശേഷിപ്പ് മതി തനിക്ക് കൃഷിയിൽനിന്നും കിട്ടുന്ന വിളവ്. അപ്പോൾ ലാഭം വേണ്ടേ? തുടക്കത്തിലെ ആവേശം തീരുമ്പോൾ പൊടിയും തട്ടി ഗൾഫിലേക്ക് പോകില്ലേ? എന്നെല്ലാം നാട്ടുകാരും സഹായിക്കാൻ വന്ന തൊഴിലാളികളും ചോദിച്ചു. ഗൾഫിലേക്ക് ഉടൻ മടങ്ങും, എന്നാൽ കൃഷി ഇവിടെ തുടരും എന്നായിരുന്നു മറുപടി. ലാഭത്തിന് അല്ല കൃഷി നടത്തുന്നതെന്നും മനസ്സുഖത്തിനാണെന്നും ഈ നാടിന് വേണ്ടിയാണെന്നും എല്ലാം അദ്ദേഹം പറഞ്ഞു. പക്ഷേ, ആർക്കും അത് മനസ്സിലായില്ല. എന്നാൽ, കൃഷിയിറക്കലും വിളവെടുപ്പും ആദ്യ ആവേശം മാത്രമായി ചുരുങ്ങിയില്ല, എന്ന് മാത്രമല്ല കൃഷി സജീവമായി. നെല്ല് തിന്നാൻ പച്ചതത്തകൾ വന്നു. അവ പലതരം കിളികൾക്കൊപ്പം പറമ്പിലെ മരങ്ങളിൽ കൂട് കൂട്ടി. വയലുകളിലെ ഞണ്ടിനെ പിടിക്കാൻ വിദൂരങ്ങളിൽ നിന്ന് കുറുക്കച്ചന്മാർ വന്നു. നത്തക്കയും ചെറുമീനുകളും കുളങ്ങളിൽ പെരുകി. കീരിയും കുളക്കോഴിയും എല്ലാം തിരിച്ചുവന്നു. മണ്ണിര മുതൽ വിവിധതരം അട്ടകളും മണ്ണിലേക്ക് പുനർജനിച്ചു. നാട്ടുമ്പുറത്തെ വയലുകളിലും പറമ്പുകളിലും ഒരു കാലഘട്ടത്തിൽ ഉണ്ടായിരുന്ന വിവിധതരം ജീവികൾ അഷ്റഫിൻെറ കൃഷിയിടത്തിലേക്ക് മടങ്ങിവന്നുവെന്നതിന് കാരണം ഉണ്ടായിരുന്നു. കാരണം, ഒരു പുഴുവിനെപ്പോലും ഉപദ്രവിക്കരുതെന്ന് പണിക്കാർക്ക് അഷ്റഫ് കർശന നിർദേശം കൊടുത്തിരുന്നു. നെൽക്കതിരുകളിൽ കിളികൾ വന്നാലും ആട്ടിയോടിക്കരുത്. ഇതിനിടയിൽ ഗൾഫിൽ പലതവണ പോയി വന്നു. കൃഷിയിടത്തിൻെറ വലുപ്പം കൂടി. പ്രവാസലോകത്ത് തൻെറ ബിസിനസിൽ പങ്കാളികളായവരെ കൂടി ഉൾപ്പെടുത്തി നാട്ടിൽ പലയിടത്തും കൂട്ടുകൃഷി ആരംഭിച്ചു. എല്ലാം വിജയകരമായി. വിഷമുക്ത കൃഷി രീതിയിലൂടെ ബദൽ ശൈലി വളർത്തിയെടുക്കാനും കഴിഞ്ഞു എന്നതാണ് ഈ പ്രവാസിയുടെ വിജയം. ഓമശ്ശേരിയിലെ കൃഷിയിടം പതിയെ രൂപാന്തരം പ്രാപിച്ച് ഫാംഹൗസായി മാറി. അതാകട്ടെ മഴവെള്ള ശേഖരണത്തിൻെറയും പ്രകൃതി സംരക്ഷണത്തിൻെറയും ഒന്നാന്തരം ഉദാഹരണവുമായി.

ബിസിനസിൻെറ ഭാഗമായുള്ള ഓരോ വിദേശ യാത്രകളിലും അഷ്റഫ് കൃഷിയുടെ നൂതന സാധ്യതകൾ അന്വേഷിച്ചും പഠിച്ചും കൊണ്ടിരുന്നു. കിട്ടുന്ന അറിവെല്ലാം തൻെറ നാട്ടിലെ കൃഷിയിടത്തിൽ പരീക്ഷിച്ചു. ഫാം ഹൗസിൽ മഴവെള്ളം സംരക്ഷിക്കാൻ കൃത്യമായ ഡ്രെയ്നേജ് സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. നൂറ് മീറ്റർ നീളത്തിലും രണ്ടര മീറ്റർ വീതിയിലും ഒരു മീറ്റർ ആഴത്തിലും ഉണ്ടാക്കിയ ഡ്രെയ്നേജ് സംവിധാനമാണത്. കെട്ടിടത്തിലും പരിസരത്തെ അറുപത് സെൻേറാളം സ്ഥലത്ത് എവിടെ മഴവെള്ളം വീണാലും അത് ശേഖരിച്ച് തൊട്ടടുത്ത ജലാശയങ്ങളിലേക്ക് എത്തിക്കുന്നു. അതിനാൽ പ്രദേശത്തെ കുടിവെള്ളം ഈ സ്ഥലത്ത് ഭൂമിയുടെ ശരാശരി താഴ്ചയിൽ തന്നെ ഗ്രൗണ്ട് വാട്ടർ നില സുരക്ഷിതമാണ്. കഴിഞ്ഞ വേനലിൽ പ്രതിദിനം പഞ്ചായത്ത് 35,000 ലിറ്റർ കുടിവെള്ളം നൽകാനായി എടുത്തിട്ടും വറ്റിയില്ല.

## പക്ഷിമരങ്ങളും കുളങ്ങളും

അഷ്റഫിൻെറ റൊയാഡ് ഫാം ഹൗസിൽ കിളിക്കായി കൂട് കൂട്ടാനും വിശ്രമിക്കാനും പഴം കഴിക്കാനുമുള്ള പ്രത്യേക മരങ്ങൾ ഉണ്ട്. പക്ഷികൾക്കായി മാത്രം വെള്ളം കുടിക്കാനും കുളിക്കാനുമുള്ള കുളങ്ങളും മൂന്നെണ്ണം ഉണ്ട്. ഇവിടെ ധാരാളം കിളികൾ വരുന്നതും കുളിക്കുന്നതും വെള്ളം കുടിക്കുന്നതും നല്ലൊരു കാഴ്ചയാണ്. ഓലവീട്, പഴയകാലത്തെ ഓർമ നിലനിർത്താൻ. കൃഷി, കൊയ്ത്ത് ഉത്സവം, അരയന്നം മുതൽ വെച്ചൂർ പശു വരെയുള്ള മൃഗങ്ങൾ തുടങ്ങിയവയും മനംകുളിർപ്പിക്കുന്ന കാഴ്ചയാണ്. ●

